അണ്ണാദുര കഴപ്പക്കാരനല്ലെന്ന്

(പി ടി ഐ) സിങ്കപ്പൂർ മെയ് 25

ദ്രോവിഡകഴകം നേതാവായ അണ്ണാദുരൈയുടെ മലയേഷ്യൻ സന്ദർശനം നിരോധിക്കണമെന്ന് മലയേഷ്യൻ ഇന്ത്യൻ കോൺഗ്രസ്സിന്റെ യുവജനവിഭാഗം ആവശ്യപ്പെട്ടതു് വെറും 'ബാലിശവുംവിഡ്ഢിത്ത'വുമാണെന്നും അണ്ണാദുരയേപ്പോലുള്ളകരുനേതാവ് തമിഴന്മാർക്കിടയിൽപിളർപ്പുണ്ടാക്കുമെന്നു് പറയുന്നതു് വിശ്വസിക്കാനാവില്ലെന്നും സിങ്കപ്പൂരിലേയും മലയേഷ്യയുടെ ഇതരഭാഗങ്ങളിലേയും തമിഴ്പത്രങ്ങൾ ഇന്നു് അഭിപ്രായപ്പെടിരിക്കുന്നു.

Reg: No K. 31

തൊഴിലാളി

Founder: Father Vadakkan : Managing Editor B. Wellington B A.

'തൊഴിലാളി' വരിസംഖ്യ നിരക്കു്

വാരാന്ത്യപ്പതിപ്പു്

	പോസ്റ്റാഫീസ്	പോസ്റ്റാഫീസ്
ഒരു കൊല്ലത്തേയ്ക്കു്	27_00	6_00
6 മാസത്തേയ്ക്കു്	13_50	3_00
1 മാസത്തേയ്ക്കു്	2_25	1_50
എജൻറ്മാർവഴി ഒരു പ്രതിയുടെ വാരാന്ത്യപ്പതിപ്പു് അടക്കം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

വൃശ്ചികം 12 | ലക്കം 139 | 1965 മെയ് 27 വ്യാഴം | തൃശ്ശൂർ | വില 7 പൈസ | പേജ് 4

ആ മഹാത്മാവ് തുടങ്ങിവെച്ചജോലി പൂർത്തീകരിക്കുക

ജവഹർലാൽ നെഹ്രുവിന്റെ ഒന്നാം ചരമവാർഷികദിനത്തിൽ രാഷ്ട്രപതിയുടെ ആഹ്വാനം

ശിക്ഷണബോധത്തോടും ഐക്യത്തോടുംകൂടി ഒറ്റക്കെട്ടായി നീങ്ങുക

[പി. ടി. ഐ.] ന്യൂഡെൽഹി മെയ് 26

ജവഹർലാൽ നെഹ്രുവിന്റെ സ്മരണയെ ബഹുമാനിക്കാൻ ഏറ്റവും ഉത്തമമായ മാർഗ്ഗം അദ്ദേഹം തുടങ്ങിവെച്ച ജോലി—രാജ്യത്തിനുള്ളിലും പുറത്തും സമാധാനവും നീതിയും സ്വാതന്ത്ര്യവും സ്ഥാപിക്കുകയെന്ന ജോലി—പൂർത്തിയാക്കുകയാണെന്നു് രാഷ്ട്രപതി രാധാകൃഷ്ണൻ ഇന്നുരാത്രി രാഷ്ട്രത്തോടായി പ്രഖ്യാപിച്ചിരിക്കുന്നു.

നെഹ്രുവിന്റെ ഒന്നാംചരമവാർഷികദിനത്തിന്റെ തലേദിവസമായ ഇന്നു രാഷ്ട്രത്തോടുചെയ്ത ഒരു പ്രക്ഷേപണിനി പ്രസംഗത്തിൽ, മാനവസ്വാതന്ത്ര്യത്തിനുവേണ്ടി നെഹ്രു തന്റെ വിശിഷ്ടവും ബഹുമുഖവുമായ കഴിവുകളെ വാരിക്കോരി വിനിയോഗിക്കയെന്നു് രാഷ്ട്രപതി പറഞ്ഞു.

എക്കാലവും ജീവിക്കും

തന്റെ ജീവിതകാലത്തുടനീളം ദേശീയവും അന്തർദ്ദേശീയവുമായ സുപ്രധാന സംഭവങ്ങളിൽ അദ്ദേഹം ഇടപെട്ടു. പെരുമാറ്റത്തിന്റെ ഏറ്റവും ഉന്നതമായ മാനദണ്ഡം പലപ്പോഴുമുയർത്തിക്കൊണ്ടുതന്നെ അദ്ദേഹം അവയിലോരോന്നിലും പങ്കെടുത്തു. ഇപ്പോൾ അദ്ദേഹം നമ്മോടുകൂടിയില്ലെങ്കിലും അദ്ദേഹത്തിന്റെ ഗുണവിശേഷങ്ങളും ആദർശങ്ങളും എക്കാലവും നമ്മോടൊപ്പമുണ്ടായിരിക്കും.

വിശാലമനസ്സു്

നെഹ്രു ആത്യന്തികമായും ഒരു സ്വതന്ത്രവ്യക്തിയായിരുന്നു. സ്വാതന്ത്ര്യം എന്നതു് ഏതു വിലകൊടുത്തും സംരക്ഷിക്കേണ്ടതാണെന്നു് അദ്ദേഹം വിശ്വസിച്ചു. മനസ്സു് എപ്പോഴും ഏതുതരം ഭീരുത്വത്തിൽനിന്നും മുക്തമായിരുന്നു. മാനവരാശിയുടെ ഒരു ഭാഗമാണു് താനെന്ന ബോധം ഉണ്ടാകുന്നതിലൂടെയോ കാലം ഒരു വ്യക്തി പൂർണ്ണനല്ല.

ശാസ്ത്രീയവീക്ഷണം

പ്രത്യേകമായ ഏതെങ്കിലുമൊരു മതം ഉയർത്തിപ്പിടിച്ചിരുന്നില്ലെങ്കിലും, നെഹ്രുവിന്റെ ആദ്ധ്യാത്മികതലം അഗാധമായിരുന്നു. ഒരു പൂജാമുറിക്കാരനെന്ന സംജ്ഞ വിളിക്കുന്നതിൽ അദ്ദേഹം ചിലപ്പോഴും ആനന്ദംകൊണ്ടു. മതങ്ങളുടെ ആചാരാനുഷ്ഠാനങ്ങളേയും കല്പനകളേയും വിഭാഗീയ വർണ്ണങ്ങളേയും അദ്ദേഹം എതിർത്തിരുന്നുവെന്നോ ഇതർത്ഥമാക്കുന്നില്ല. ശാസ്ത്രമായാലും ശരി മതമായാലും ശരി യാഥാർത്ഥ്യത്തെ കണ്ടെത്തുകയെന്നതായിരുന്നു അദ്ദേഹത്തിൽ കടിഞ്ഞാണിട്ടിരുന്ന ശാസ്ത്രീയവീക്ഷണം നിർദ്ദേശിച്ചുകൊടുത്ത പാത.

മതം ഒളിച്ചോട്ടമല്ല

ജീവിതമാകുന്ന യുദ്ധത്തിൽനിന്നുള്ള ഒരു ഒളിച്ചോട്ടമല്ല മതം എന്നു് രാഷ്ട്രപതി അഭിപ്രായപ്പെട്ട എല്ലാ മുൻവിധികളോടും നെഹ്രു തീഷ്ണമായി പോരാടി. അനുപേക്ഷിക തത്വശാസ്ത്രങ്ങളിലും സിദ്ധാന്തങ്ങളിലും അദ്ദേഹം വിശ്വാസമർപ്പിച്ചില്ല. എല്ലാ രാജ്യങ്ങളേയും മതങ്ങളേയും ഉൾക്കൊള്ളുന്ന ഒരു പൌരോഹിത്യത്തിൽ അദ്ദേഹം വിശ്വസിച്ചു.


ഒറ്റക്കെട്ടായി മുന്നോട്ടു്

മാമൂലുകളുടെ അടിമത്തത്തിൽനിന്നും നാം വിമുക്തിനേടണം. മാറിമറിയുന്ന ദേശീയ ദൌർബ്ബല്യങ്ങളുടെ ദാക്ഷിണ്യത്തിൻകീഴിൽ നാം ജീവിക്കാനാഗ്രഹിക്കുന്നില്ലെങ്കിൽ ഒറ്റക്കെട്ടായി ദേശീയശ്രമങ്ങളിൽ നാം വ്യാപൃതരാവുക. ഉള്ളിലും പുറത്തും ഒരുപോലെ ശത്രുക്കളുടെ ഭീഷണി നമ്മെ അഭിമുഖീകരിക്കുന്ന ഈ കാലഘട്ടത്തിൽ ദേശീയൈക്യവും ശിക്ഷണബോധവുമാണു് നമ്മുടെ ഏറ്റവും വലിയ ആവശ്യങ്ങൾ.



ജനാധിപത്യവാദി

ജനാധിപത്യത്തെ വെറുമൊരു 'ചന്തരേണു'ക്കി ഇടിച്ചുതാഴ്ത്താൻ കോപ്പുകൂട്ടിയ ചില കലഹത്തല്പരന്മാരുടെ നടപടികളും അദ്ദേഹത്തെ അഗാധമായി വേദനിപ്പിച്ചിരുന്നുവെങ്കിലും ജനാധിപത്യത്തിന്റെ ഭാവിയിലുള്ള അദ്ദേഹത്തിന്റെ പ്രതീക്ഷ ഒരിക്കലും കെട്ടടങ്ങിയില്ല ജനാധിപത്യമെന്നതു് വെറുമൊരു ഭരണകൂടമോ, നിയമസംഹിതയോ അല്ല. അതൊരു ജീവിതപന്ഥാവും മൂല്യസംഹിതയുമാണു്. തലകൊണ്ടുമാത്രമല്ല, ഹൃദയംകൊണ്ടുകൂടി നാം ആ ആധിപത്യത്തെ സംരക്ഷിക്കണം. ഒരു സ്വതന്ത്രഭാരതത്തിനു് ഒരു യഥാർത്ഥജനാധിപത്യവാദിയായിരിക്കാൻ സാദ്ധ്യമല്ല.



ഇന്നു് പുറത്തിറക്കുന്ന ജവഹർജ്യോതിസ്സ്മാരം

വിശാലഹൃദയൻ

സമത്വം, കാരുണ്യം, ഉദാരവൃത്തി എന്നിവയുടെ ഒരു ഉറവിടമായിരുന്നു നെഹ്രുവിന്റെ മനസ്സു്. പക്ഷേ കരുണാർദ്രമായ ഒരു ഹൃദയവും അദ്ദേഹത്തിനുണ്ടായിരുന്നു. തെറ്റായ പൈതൃകാചാരത്തെപ്പറ്റിയുള്ള പരാതികളെ അദ്ദേഹം തികഞ്ഞ സംവിധാനയോടെ വീക്ഷിച്ചു. മനുഷികമായ ദൌർബ്ബല്യങ്ങളെ അദ്ദേഹം കണക്കിലെടുത്തു.

ഗവർണ്ണരുടെ തൃശ്ശൂർ പരിപാടി റദ്ദാക്കി

തൃശ്ശൂർ, മെ. 26

കേരള ഗവണ്ണർ ശ്രീ. അജിത് പ്രസാദ് ജയിൻ മേയ് 30-നു തൃതീയതിയ തൃശ്ശൂരിൽ എത്തുന്നതല്ലെന്നു് അറിയിക്കുന്നു മേയ് 23-നു തീയതി ബംഗ്ലൂരിക്കു് പോകുന്ന ഗവണ്ണർ മദിരാശി സന്ദർശിച്ചശേഷം 31-നു തീയതി തിരുവനന്തപുരത്തുനു് മടങ്ങിഎത്തുന്നതുമാണു്.

—o—

ആയിരത്തോളം പേർ ഭവനരഹിതരായി

കോതമംഗലം (ആന്ധ്ര) മെ. 25

ഗോദാവരി നദിയുടെ കരയിലുള്ള അമരവാരം ഗ്രാമത്തിൽ കനിഞ്ഞുണ്ടായ ഒരു തീപിടുത്തത്തിലാണു് ആയിരത്തോളംപേർ ഭവനരഹിതരായി 100-ൽ അധികം വീടുകൾ കത്തിനശിച്ചു. ആൾനാശം ഉണ്ടായതായി റിപ്പോർട്ടില്ല.

(പി. ടി. ഐ)

രാജ്യവ്യാപകമായവിധം ക്ഷയരോഗ നിവാരണ നടപടികൾ

കേന്ദ്ര ആരോഗ്യമന്ത്രിയുടെ പ്രസംഗം

[പി. ടി. ഐ] ന്യൂഡൽഹി, മേ. 25

ക്ഷയരോഗനിവാരണ നടപടികൾ, രാജ്യവ്യാപകമായ വിധം ഗവണ്മെണ്ടു് എടുക്കണമെന്നതാണെന്നു് കേന്ദ്ര ആരോഗ്യകാര്യമന്ത്രി ഡോ: സുശീലാനായർ പ്രസ്താവിച്ചിരിക്കുന്നു.

രാജ്യത്തെങ്ങുമുള്ള കാരോ ജില്ലയിലും വേണ്ടത്ര സജ്ജീകരണങ്ങളോടും ജോലിക്കാരോടുംകൂടിയുള്ള ടി. ബി. കൺട്രോൾ സെൻറർ സ്ഥാപിക്കുവാനുദ്ദേശിക്കുന്നതായും അവർ പറഞ്ഞു.

ട്യൂബർ ക്ലോസിസ് അസോസിയേഷന്റെ 26-ാം വാർഷിക പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ.

ഒരു സമൂഹത്തിന്റെ അടിസ്ഥാനത്തിൽ ക്ഷയരോഗം കൈകാര്യം ചെയ്യുകയാണു് ഈ കൺട്രോൾ സെന്ററുകൊണ്ടു് ഉദ്ദേശിക്കുന്നതു്.

—o—

കോസിജിനു് ശാസ്ത്രീയ നന്ദി

പി ടി ഐ മോസ്കോ, മേ. 25

സോവ്യറ്റ് സന്ദർശനവേളയിൽ തന്നോടും തന്റെ ഭാര്യയോടും കാണിച്ച 'ആതിഥ്യമര്യാദയ്ക്കും ഔപചാരികമായ സ്വീകരണ'ത്തിനും പ്രധാനമന്ത്രി കോസിജിനും മിസ്സിസ് കോസിജിനും പരിഹാരിക്കുന്നതിനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതിനെ തുടർന്നുള്ള നടപടിയാണിതെന്നു് യൂണിയൻ സിക്കുട്ടാ പറഞ്ഞു. എലക്ട്രിസിറ്റി ബോർഡിൽ സംസ്ഥാനത്തെ വിവിധഭാഗങ്ങളിലായി 3500 മിനിസ്റ്റീരിയൽ തൊഴിലുടകൾ ജോലിചെയ്യുന്നുണ്ടു്.

തങ്ങളുടെ ആവശ്യങ്ങൾ സംബന്ധിച്ചു് ഒരു തീരുമാനമുണ്ടാക്കുന്നില്ലെങ്കിൽ, ഒരു മാസത്തെ നോട്ടീസ് കാലാവധി കഴിഞ്ഞാൽ പണിമുടക്കു് ആരംഭിക്കുന്നദിവസം, യൂണിയൻ 'നിശ്ചയിക്കുന്നതായും അവർ പറഞ്ഞു.

—o—

എലക്ട്രിസിറ്റി ജീവനക്കാർ പണിമുടക്കു നോട്ടീസ് നൽകി

(പി ടി ഐ) എറണാകുളം, മേ 26

കേരള എലക്ട്രിസിറ്റി ബോർഡ് എംപ്ലോയീസ് യൂണിയൻ, ബോർഡു് ചെയർമാനു് പണിമുടക്കു് നോട്ടീസ് നൽകിയിരിക്കുന്നു.

ഇന്നു മുടക്കം

27_5_1965 (വ്യാഴം) പീടിക മുടക്കമാകുന്നു

ഫേഷൻ ഫേബ്രിക്സ്

തൃശ്ശൂർ

ദൈവവചനമിഷനറിമാർ

S. V. D. മിഷനറിമാരായി വിവിധ പ്രേഷിതരംഗങ്ങളിൽ ജോലിചെയ്യുവാൻ ആഗ്രഹിക്കുന്ന ക്രിസ്തുമാന്മാർക്കു് സ്വാഗതം! നല്ല മാർക്കോടുകൂടെ S. S. L. C. പാസ്സായവർ ഉടനെ അപേക്ഷിക്കുകയോ നേരിൽ കാണുകയോ ചെയ്യുക.

Fr. Vocation Director S. V. D.
Apostolic School
KADUTHURUTHY P. O, Kottayam Dt.

ഞങ്ങളും തലകുനിക്കുന്നു

ഇന്ത്യയുടെ ഓമനപ്പുത്രനായ ജവഹരിലാലിന്റെ പ്രഥമചരമവാർഷികദിനമാണിന്നു്. ലോകം മുഴുവൻ തലകുനിക്കുകയും മുഴുവൻ കണ്ണുകളും ഈറനണിയുകയും ചെയ്യുന്നദിവസം.

ആരാലും വെറുക്കപ്പെടാതെ എല്ലാവരാലും സ്നേഹിക്കപ്പെട്ടു് ജീവിച്ച ഒരു വലിയ മനുഷ്യന്റെ ജീവൻപൊലിഞ്ഞദിനമാണിന്നു്. സമാധാനത്തിനു് ലോകത്തോടു് വിടചോദിച്ചദിനം. കോടാനുകോടികളുടെ ഹൃദയസ്പന്ദനങ്ങളിൽനിന്നുമാത്രമല്ല മായാത്ത ഓർമ്മകളാൽ പാകിമിനുക്കിച്ച അനശ്വരഷനായ ഒരുനല്ല മനുഷ്യന്റെ പ്രഥമചരമവാർഷികദിനം.

ഇന്നു് ഗംഗയുടെ വിറോളങ്ങൾ നിശബ്ദമാണു്. ഹിമവാന്റെ കവിൾതടങ്ങളിൽ കണ്ണീർ ഉതിർന്നുവീഴുന്നു. അറേബ്യനും ബംഗാൾ ഉൾക്കടലും തളർന്നു കിടന്നു് തേങ്ങുകയുണ്ടു്.

നെഹ്രുവില്ലാത്ത ഇന്ത്യ ഇന്നലെ സങ്കല്പിക്കാനതുതു് ഇന്നു് യാഥാർത്ഥ്യമായി. ആരും ഒരിക്കലും ഇഷ്ടപ്പെടാത്തതു് ഇന്നു് സംഭവിച്ചു.

പക്ഷേ, നെഹ്രുവില്ലാത്ത ഇന്ത്യ ലോകചരിത്രത്തിൽ വരേശിക്കില്ല. ഇന്നലെവരെ ഡൽഹിയിലെ തീൻമൂർത്തിഭവനിന്റെ മണിമാരുത്തും ഓഫീസ് മുറിയിലെ ഫയൽക്കൂമ്പാരങ്ങളുടെ മുമ്പിലും തലകുനിഞ്ഞു് ചിന്താകുലനായി ഇരിക്കുന്ന നെഹ്രുവിനെയാണു് നാം കണ്ടതെങ്കിൽ, സ്വതന്ത്ര പൂജ്യാവശിഷ്ടം വയലേലകളിൽ വിതറാൻ ആശിച്ചശേഷം നെന്മണികളുടേയും ക്ഷീരവിഭവങ്ങളുടേയും രൂപത്തിൽ കർഷകകുരുന്നുകളിലേക്കു് കയറിവരുന്ന നെഹ്രുവിനെയാണു് നാമിനി കാണുന്നതു്. ഇന്ത്യയുടെ മണ്ണിൽ ഇന്ത്യയോടും പഴക്കത്തിൽ അലിഞ്ഞുചേരാൻ നെഹ്രുവിനെ.

ശാന്തിവനത്തിൽ ശാന്തിക്കുവേണ്ടി പിടയുന്ന ഒരാത്മാവിനെ ഞങ്ങളിന്നു കാണുന്നു. റാൺ—ഓഫ് കച്ചിൽ വെടിപൊട്ടുമ്പോൾ, മഞ്ഞുമലമടക്കുകളിൽ മനുഷ്യരക്തം കുത്തിയൊലിക്കുമ്പോൾ, അധികാരത്തിനുവേണ്ടി തന്റെ സഹപ്രവർത്തകന്മാർ നാടിനെ കൂട്ടിച്ചോരാക്കുമ്പോൾ എല്ലാം എല്ലാം ഇന്ത്യയെ കാണുന്നതിനു മുമ്പേ മഹാനായ നേതാവിന്റെ ചേതന, കാനനച്ചോലകളും കാട്ടുപക്ഷികളും മാനും മരാളവുമുള്ള വയനാടിന്റെ പർവ്വതപ്രായ ആ ശാന്തിവനത്തിന്റെ മുറ്റത്തു് തുടിക്കുകയായിരിക്കും.

പൈതൃകത്തിന്റെ ചുവപ്പുത്തിരിവിളക്കുമായി നേതാവേ, ഇന്നും ഞങ്ങളുടെ വഴികളിൽ വീണയുടെ തിരുമുറിവുകൾ തുളുമ്പുകയാണല്ലോ. അങ്ങയുടെ അനുചരന്മാരുടെ തേർവാഴ്ചയിൻകീഴിൽ ഞങ്ങൾ മരിച്ചു ജീവിക്കുന്നു. അങ്ങിനിയൊന്നും കണ്ടു് കരളുരുകി കരയരുതു്. മുഴുവൻ ജനതയുടേയും നിവേദനമാണിതു്.

നല്ലതിനുവേണ്ടി നല്ലവനായി ജീവിച്ച ഇന്ത്യയുടെ പ്രിയപുത്രി, അങ്ങയുടെ ഈ ഓമ്മദിനത്തിൽ നിറഞ്ഞ കണ്ണുകളോടെ തൊഴുകൈയുമായിതാ ഞങ്ങൾ അവിടത്തെ മുമ്പിൽ തലകുനിച്ചു നിൽക്കുന്നു.

3225 പാക്കു് നെല്ലും 925 ലിറ്റർ മണ്ണെണ്ണയും പിടിച്ചെടുത്തു

(പി ടി ഐ) മധുര, മെയ് 26

മധുര മുനി: അതിർത്തിയിലെ ആദിമില്ലകളിൽ പവനപ്പു ഡിവിഷനൽ കാഫീസ്സർ ഇന്നലെ ഒരു മിന്നൽ പരിശോധന നടത്തിയതിന്റെ ഫലമായി ഡിക്ലയർ ചെയ്യാത്ത 3225 പാക്കു് നെല്ലു് പിടിച്ചെടുത്തിരിക്കുന്നു. ഇതിനു് 80000 ക. വിലവരും.

ഏകദേശം 30 റവന്യൂ ഇൻസ്പക്ടർമാരും 8 താസിൽദാന്മാരും 12 ഡെപ്യൂട്ടി താസിൽദാന്മാരും പരിശോധനയിൽ പങ്കെടുത്തു. ഇല്ലത്തുതന്നെ 925 ലിറ്റർ മണ്ണെണ്ണയും അവർ പിടിച്ചെടുത്തു.

മിക്കോയനും കോസിജിനും നേപ്പാൾ സന്ദർശിക്കുന്നു

കാത്മണ്ഡു, മേയ് 26

നേപ്പാൾ സന്ദർശിക്കുന്നതിനുള്ള മഹേന്ദ്രരാജാവിന്റെയും പ്രെയർമാൻ സൂര്യബഹദൂർതാപ്പിന്റെയും ക്ഷണം സോവിയറ്റ് പ്രസിഡണ്ടു് മി. അനസ്താസ് മിക്കോയനും പ്രധാനമന്ത്രി മി. അലക്സി കോസിജിനും സ്വീകരിച്ചിരിക്കുന്നു.

ഇരു ഗവണ്മെണ്ടുകളും തമ്മിൽ കൂടിയാലോചിച്ചശേഷം മാത്രമെ സന്ദർശനതിയതി തീർച്ചപ്പെടുത്തുകയുള്ളു.

[പി ടി ഐ]

അറിയിപ്പു്

ഇന്നു് സ്വാതന്ത്ര്യാരോഹണത്തിരുനാൾ പ്രമാണിച്ചു് ഓഫീസു് ഒഴിവാകയാൽ നാളെ (28_5_1965) വെള്ളിയാഴ്ച തൊഴിലാളി പ്രസിദ്ധീകരിക്കുന്നതല്ല.

മാനേജർ

കച്ചിൽ വീണ്ടും പാക് ആക്രമണം

ഇന്ത്യൻസേന അതിർത്തിക്കുള്ളിൽ തുരത്തി

(പി ടി ഐ) ന്യൂഡൽഹി, മേ. 26

ഇന്നു രാവിലെ കച്ചിൽ ബിയർ ബെറ്റ്പ്രദേശത്തു് പാക്സേന നടത്തിയ ഭീകരമണത്ത ഇന്ത്യൻ കാവൽസേന തിരിച്ചടിച്ചിരിക്കുന്നു. 20_25 പേരടങ്ങുന്ന ഇന്ത്യൻസംഘം പതിവുള്ള ഡ്യൂട്ടിയിലേർപ്പെട്ടിരിക്കുമ്പോഴാണു് ആക്രമണം ഉണ്ടായതു്. കവചിതവാഹനങ്ങളുടെ സാഹായത്തോടെ പാക്സേന ഇന്ത്യൻസേനയെ വളയുവാൻ ശ്രമിച്ചു. തുടർന്നുണ്ടായ സംഘട്ടനത്തിൽ ഇന്ത്യൻസേന രണ്ടു പാക്കവചിതവാഹനങ്ങൾ തകർത്തു. പിന്നു് അവർ സുരക്ഷിതമായി തിരുത്തിലേക്കു് മടങ്ങി. പാക്പക്ഷത്തു നേരിട്ടു് ജീവനാശത്തെപ്പറ്റി കണക്കുലഭിച്ചിട്ടില്ല.

....

ഊട്ടിയിലും ഷേക്കുള്ള ഒരു പ്രശ്നം

(പി ടി ഐ) മദിരാശി, മെ 26

ഷേക്കുള്ള ഊട്ടിയിൽനിന്നും കൊടൈക്കനാലിലേക്കു് മാറാനുമെന്നയൊരു നിർദ്ദേശവും കേന്ദ്ര ഗവണ്മെന്റിൽനിന്നുലഭിച്ചിട്ടില്ലെന്നുള്ള ഔദ്യോഗിക വിശദീകരണം ഇന്നു പ്രസ്താവിച്ചു.

കേന്ദ്ര ഗവണ്മെന്റു് ഈ പ്രശ്നത്തെപ്പറ്റി പരിശോധിക്കുന്നുണ്ടാവാം. പക്ഷേ കേന്ദ്രത്തിനു് ഈ വിഷയം മദിരാശി ഗവണ്മെന്റുമായി ആലോചിക്കേണ്ട ആവശ്യമില്ലെന്നു് വക്താവു് പറഞ്ഞു.

ടൈംസിന്റെ മുനി: അതിർത്തിക്കുള്ളിൽ ഷേക്കിനു് സ്വാധീനശക്തിയുള്ളതുകൊണ്ടു്, ഷേക്കിനെ ഊട്ടിയിൽ പാർപ്പിക്കുന്നതുകൊണ്ടുള്ള അപകടങ്ങളെപ്പറ്റി മദിരാശി ഗവണ്മെന്റു് കേന്ദ്രത്തിനറിയിട്ടുള്ളതായി അറിയുന്നു.

സ്വയംഭരണജില്ലയിൽ 4000 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന യാർക്കുണ്ടു് എന്ന സ്ഥലത്തേക്കു് ഷേക്കിനെ മാറണമെന്നാണു് പ്രാദേശികധിക്കാരികളുടെ അഭിപ്രായം.

....

ടിസ്സോ വർക്സിൽ സ്തംഭനം

[പി. ടി ഐ) ജംഷഡ്പൂർ മെ. 26

ഇന്നലെ രാത്രി 9_15നു് ഇവിടെയുള്ള ടിസ്സോ വർക്സ് ഫാക്ടറിയുടെ ഒരു ഭാഗത്തുണ്ടായ സ്തംഭനത്തിന്റെ ഫലമായി രണ്ടുഷിഫ്റ്റ് നിസ്സാരമായ പരിക്കോടെവന്നു് ടിസ്സോ പ്രാപ്പെടുവിച്ചിട്ടുള്ള ഒരു പത്രക്കുറിപ്പിൽ പറയുന്നു.

സ്തംഭനത്തെ തുടർന്നു് തീകത്തിക്കാളികയും പൊടിയും തോതിലുള്ള മൂന്നു സ്തംഭനങ്ങൾ വീണ്ടും സംഭവിക്കുകയും ചെയ്തു. യന്ത്രസാമഗ്രികൾക്കു് സാരമായ തകരാറു സംഭവിച്ചിട്ടുണ്ടു്.

സ്തംഭനത്തെപ്പറ്റി അന്വേഷണം നടത്തിവരുന്നു.

....

ഉത്തരവിയറ്റ്നാമിൽ അമേ. എഴുപടയുടെ വിമാനാക്രമണം

(റോയിട്ടർ) സയ്ഗോൺ, മേ. 26

വടക്കൻ വിയറ്റ്നാമിലെ സൈനികലക്ഷ്യങ്ങളുടെനേരെ അമേ. എഴുപടയുടെ വിമാനവാഹിനിക്കപ്പലുകളിൽനിന്നുള്ള വിമാനങ്ങൾ കഴിഞ്ഞരാത്രി അക്രമണം നടത്തിയിരിക്കുന്നു.

ഈ ഫാക്ടറിക്കു് ചിലവു്.

ജപ്പാനിൽ ഇത്തരത്തിലുള്ള പ്രഥമ ഫാക്ടറിയാണിതു്. ഇതിന്റെ പ്രവർത്തനത്തിൽ മന്ത്രി സംതൃപ്തി രേഖപ്പെടുത്തി.

—o—

ഉത്തരവിയറ്റ്നാമിൽ അമേ. എഴുപടയുടെ വിമാനാക്രമണം

(റോയിട്ടർ) സയ്ഗോൺ, മേ. 26

വടക്കൻ വിയറ്റ്നാമിലെ സൈനികലക്ഷ്യങ്ങളുടെനേരെ അമേ. എഴുപടയുടെ വിമാനവാഹിനിക്കപ്പലുകളിൽനിന്നുള്ള വിമാനങ്ങൾ കഴിഞ്ഞരാത്രി അക്രമണം നടത്തിയിരിക്കുന്നു.

അയൂബിന്റെ വീരസ്യം

[എ. എഫ് പ] കറാച്ചി, മേയ് 25

ഇന്ത്യ പാക്കിസ്ഥാനെ ഒരു യുദ്ധത്തിനു് നിർബ്ബന്ധിക്കുകയാണെങ്കിൽ തന്റെ രാജ്യം വിജയം വരിക്കുംവരെ യുദ്ധം ചെയ്യുമെന്നു് പ്രസിഡണ്ടു് അയൂബ്ഖാൻ പ്രസ്താവിച്ചിരിക്കുന്നു.

ആയുധ ഡെപ്പോകളും ഒരു ആയുധ ഫാക്ടറിയും സന്ദർശിച്ചശേഷം ജോലിക്കാരോടു് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പാക്കിസ്ഥാൻ ഒരു യുദ്ധം ആഗ്രഹിക്കുന്നില്ല—അതിനെതിരായ സർവ്വശക്തിയും സാമ്പത്തിക വികസനത്തിനു് ഉപയുക്തമാക്കുന്നതിനായാണു് ആഗ്രഹിക്കുന്നതെന്നും അയൂബ് പ്രസ്താവിച്ചു. സിലോണും നേപ്പാളും ഇന്തോനേഷ്യയുമായി നല്ല ബന്ധം പുലർത്തുമ്പോളും ഇതാണു് മനസ്സിലുള്ളതു്.

പാക്കിസ്ഥാനുമായുള്ള സൌഹാർദ്ദം വഴി ഉണ്ടാകാവുന്ന മെച്ചത്തെപ്പറ്റി ഇന്ത്യക്കു് ബോധ്യമാകാത്തതിൽ മി. അയൂബ് ഖേദം പ്രകടിപ്പിച്ചു.

അദ്ദേഹം തുടർന്നു:—

പാക്കിസ്ഥാനു മേൽ ഒരു യുദ്ധം കെട്ടിയേല്പിക്കുകയാണെങ്കിൽ, നാം വിജയംവരെ പൊരുതും. നമ്മെ സംബന്ധിച്ചേടത്തോളം ഒരു യുദ്ധം നമ്മുടെ ഏറ്റവും നിലനില്പിനുവേണ്ടി മാത്രമാണു്. എന്നു വില കൊടുത്തും നമുക്കു് വിജയം വരിക്കേണ്ടതുണ്ടു്. നാം വളരെ ഏറെ പണിപ്പെട്ടിട്ടും ഇന്ത്യയുമായുള്ള ബന്ധം മെച്ചപ്പെടുത്തുവാൻ നമുക്കു് കഴിയുന്നില്ല. പാക്കിസ്ഥാനു് നേരെയുള്ള ഇന്ത്യൻ നേതാക്കന്മാരുടെ ആക്രമണനയമാണു് ഇതിനു കാരണമെന്നും പാക് പ്രസിഡണ്ടു പറഞ്ഞു.

—o—

മലയേഷ്യൻ പര്യടനത്തിൽ ഒരു രാഷ്ട്രീയ പ്രാധാന്യവുമില്ല

അണ്ണാദുരയുടെ പ്രസ്താവന

(പി ടി ഐ) മദിരാശി, മേ 26

മലയേഷ്യയിലേക്കുള്ള തന്റെ നിർദ്ദിഷ്ടപര്യടനത്തിനു് രാഷ്ട്രീയമോ കക്ഷിപരമോ ആയ ഒരു പ്രാധാന്യവുമില്ലെന്നു് ദ്രാവിഡനേതാവായ മി. സി. എൻ. അണ്ണാദുര ഒരു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

മി. അണ്ണാദുരയുടെ സന്ദർശനം നിരോധിക്കണമെന്നു് മലയേഷ്യൻ കേന്ദ്ര ഗവണ്മെണ്ടിനോടും സിങ്കപ്പൂർ സംസ്ഥാന ഗവണ്മെണ്ടിനോടും, മലയേഷ്യൻ ഇന്ത്യൻകോൺഗ്രസ്സിലെ യുവജനങ്ങളുടെ സംഘടന ആവശ്യപ്പെട്ടിരുന്നതായി അറിയുന്നു.

സ്വയംഭരണത്തിനുള്ള തമിഴരുടെ അവകാശത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു പ്രസ്ഥാനമാണു് തന്റെതെന്നു് ദ്രാവിഡനേതാവു് വിശദീകരിക്കുന്നു. എല്ലാവരും, കേരളത്തിൽ ഒരു പെരുകൂടിയും പാർട്ടിയുള്ള കാര്യത്തെപ്പറ്റിയിരുന്നു കേരള ഗവണ്മെണ്ടു് കേന്ദ്രത്തിനുവേണ്ടി ഒരു വിവരശേഖരണം നടത്തിവരുന്നതായി അറിയുന്നു.

അഖിലേന്ത്യാ സന്നദ്ധസേവാസംഘടകളുടെ പെയർമാൻ കോൺഫറൻസ് ഉൽഘാടനം ചെയ്യുകയായിരുന്നു.

—o—

ചട്ടങ്ങളിൽനിന്നു് മാറിവരുന്നു

(പി ടി ഐ) ന്യൂഡൽഹി, മേ 26

ഇന്ത്യയിലെ സായുധസേനാസേവാസംഘടനകളുടെ ഫലപ്രദമായ നടത്തിപ്പിനു് ഗവണ്മെണ്ടിന്റെ കർശനമായ നിയന്ത്രണങ്ങളും നടപടിക്രമങ്ങളും അവയുടെ ദൈനംദിനപ്രവർത്തനങ്ങളിൽനിന്നും പരിപൂർണ്ണമായും കടിഞ്ഞാണെന്നു് കേന്ദ്രസാമൂഹ്യക്ഷേമ സംരക്ഷണവകുപ്പുമന്ത്രി അശോക്കുമാർ സെൻ പ്രസ്താവിച്ചിരിക്കുന്നു.

അഖിലേന്ത്യാ സന്നദ്ധസേവാസംഘടകളുടെ പെയർമാൻ കോൺഫറൻസ് ഉൽഘാടനം ചെയ്യുകയായിരുന്നു.

—o—

അമേരിക്കൻസേന പിന്മാറ്റം തുടങ്ങി

വാഷിംഗ്ടൺ, മെയ് 26

ഡോമിനിക്കൻ റിപ്പബ്ലിക്കിൽനിന്നും രാജകണക്കിനു് അമേ. സേനകളെ ഈമാസം പിൻവാങ്ങിക്കൊണ്ടിരിക്കുന്നു.

ഡിഫൻസ് സെക്രട്ടറി മക്നമാരയാണു് ആസൂത്രിതമായ ഈ പിന്മാറ്റത്തിനുതുടക്കമിട്ടതു്. പിന്മാറിക്കൊണ്ടിരിക്കുന്ന അമേ; ഭടന്മാരുടെ അത്രതോളമെന്നതന്നെ എണ്ണം മാറ്റാൻ ലാറിൻ അമേ: രാഷ്ട്രങ്ങളിൽനിന്നും ഇവിടെ എത്തിക്കൊണ

തൊഴിലാളി

പോസ്റ്റ്മോഷ്ടം 90
ടെലഫോൺ 125

1965 മേയ് 27_ാംതീ- വ്യാഴം

കേന്ദ്രസർവീസും കേരളവും

....o....

കേന്ദ്രസർവീസിൽ, എല്ലാ സംസ്ഥാനങ്ങളിലേയും ജനങ്ങൾക്കും അവരവർ അഹിക്കുന്ന തോതനുസരിച്ച് പ്രാതിനിധ്യം നൽകണമെന്നുള്ളതു് ഒരു സാമാന്യമര്യാദ മാത്രമാണ്. ആ മാനദണ്ഡം വെച്ചുനോക്കുമ്പോൾ, കേന്ദ്രസർവീസിൽ എല്ലാ രംഗത്തും കേരളം പാടെ അവഗണിക്കപ്പെടുന്ന പരിതാപകരമായ ചിത്രമാണ് നമുക്കു കാണുവാൻ കഴിയുന്നതു്. ഉത്തരേന്ത്യൻ സവ്വാധിപത്യം ഇന്ത്യയിൽ കൊടികുത്തി വാഴുകയാണ്. ജനാധിപത്യവ്യവസ്ഥിതി പുലരുന്നു എന്നവകാശപ്പെടുന്ന ഒരു രാഷ്ട്രത്തിൽ, ഒരു പ്രദേശത്തെ ജനതയെ തികച്ചും അവഗണിക്കുന്നതു്, ശിഥിലീകരണപ്രവണത വളർത്താനേ സഹായിക്കൂ എന്നതു് ഭരമുള്ള മാരതമെന്നതു്, ഡൽഹിയും അതിനു ചുറ്റുമുള്ള പ്രദേശവും മാത്രമാണെന്നാണ്, ഇന്നും ചിലരുടെ ധാരണയെന്നു തോന്നിപ്പോകും അവരുടെ നടപടികണ്ടാൽ.

ദേശീയ ഉദ്ഗ്രഥനത്തിനെ ചേരിൽ നിന്ദ്യപ്രസംഗങ്ങൾ നടത്തുന്ന പലരും അവരുടെ നടപടികളിൽ, സങ്കുചിതത്വവും പ്രാദേശികപരിഗണനകളുമാണ് വെച്ചു പുലത്തുന്നതു്. നീതിപൂവ്വകമായ രീതിയിൽ കാര്യങ്ങളും കൈകാര്യം ചെയ്യപ്പെടണമെന്ന ലക്ഷ്യത്തോടെയാണെല്ലാ, യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ ഏർപ്പെടുത്തപ്പെട്ടതു്. എന്നിട്ടും 'വഞ്ചി തിരുനക്കരെത്തന്നെ.'

കേന്ദ്രസർവീസിൽ സ്റ്റോറുകീപ്പർ കേഡറുകൾ രൂപീകരിക്കുവാൻ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയിൽ വീരോടെ വാദിക്കുമെന്നു് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയിലുള്ള പല വന്മരാരും ഇക്കാരുത്തിനു് എതിരാണെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. അതു് സ്വാഭാവികം മാത്രമാണു്. കാരണം, കോൺഗ്രസ് കുറേനാളായി, രാജ്യതാല്പര്യങ്ങളെക്കാളുപരിയായി, കോൺഗ്രസ്സിന്റെയും, അതുപോലെ വ്യക്തികളുടെയും താല്പര്യങ്ങൾക്കാണു് മുൻഗണന നൽകുന്നതു്. ഭക്ഷിണേന്ത്യ, കോൺഗ്രസ്സിനെ പിടിയിൽനിന്നും വിട്ടുപോകുന്നതായിട്ടാണു് ഉത്തരേന്ത്യൻ കോൺഗ്രസ്സുനേതാക്കൾ കാണുന്നതു്. ആ നിലയ്ക്കു്, ദക്ഷിണേന്ത്യയെ അവഗണിക്കുന്നതിൽ, ഉത്തരേന്ത്യൻ കോൺഗ്രസ് 'മാടമ്പി'മാക്കു് സന്തോഷമുണ്ടാവും. ഈ യാഥാത്ഥ്യം മനസ്സിലാക്കി, കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങളെങ്കിലും, കേരളത്തിലെ ജനാധിപത്യവിശ്വാസികളും, കേന്ദ്രസവ്വീസിൽ അർഹിക്കുന്ന പ്രാതിനിധ്യം നമുക്കു കിട്ടുന്നതിനുവേണ്ടി സംഘടിതശബ്ദമുയർത്തേണ്ടിയിരിക്കുന്നു.

ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന കാലത്തു്, ഇന്ത്യാക്കാരെക്കൂടി സിവിൽസവ്വീസിൽ നിയമിക്കണമെന്നു് ആവശ്യപ്പെട്ടപ്പോൾ, കാര്യക്ഷമതയുടെ പേരും പറഞ്ഞാണു് ഇന്ത്യക്കാരെ നിയമിക്കാതെയിരുന്നതു്. വിദ്യാഭ്യാസത്തിലും, ബുദ്ധിശക്തിയിലും കാര്യക്ഷമതയിലും, ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളേക്കാൾ മുൻപന്തിയിൽ നില്ക്കുന്ന കേരളീയരെ, കാര്യക്ഷമതക്കുറവിന്റെയോ വിദ്യാഭ്യാസത്തിന്റെയോ, പേരും പറഞ്ഞ് അവഗണിക്കാൻ സാധ്യമല്ലതന്നെ. പിന്നെ എന്തു കാരണം പറഞ്ഞാണ് നാം അവഗണിക്കപ്പെടുന്നതു്. ഈ വസ്തുത ആർക്കും അറിഞ്ഞുകൂടാ. ചോദിക്കാനാളില്ലാതായാൽ ഇങ്ങനെയൊക്കെ സംഭവിക്കും. ശരിക്കുള്ള ഒരു മന്ത്രിപാവും കേരളത്തിൽനിന്നും ഇല്ലാതുള്ളതു് നമ്മെ ഇത്രത്തിച്ചിന്തിപ്പിക്കേണ്ടതാണു്. ഇനി കേന്ദ്രത്തിലെ പല മന്ത്രിമാരും, കേരളത്തിലെ ഒരു സാധാരണതെഴിലാളി യുടെ അത്രപോലും കഴിവോ, തൻേരാമോ ഉള്ളവരല്ലെന്നുള്ളതു് അവരിൽ ചിലരുമായി നേരിട്ടു പരിചയപ്പെടാൻ കഴിഞ്ഞവർക്കു ബോധ്യമുള്ളകാര്യമാണു്.

(കേന്ദ്രസർവീസിലും, കേരള

ണ്ഡലത്തിലും കാണുന്നതിനെക്കാളും രൂക്ഷതരമായ അവഗണനയാണു് വ്യാപാരവ്യവസായികാദിവ്യഭിയിലും, പദ്ധതിനടത്തിപ്പിലും കേരളത്തിന് അനുഭവപ്പെടുന്നതു്. ഈ സ്ഥിതിവിശേഷത്തിനു് സ്വയമേവ പരിഹാരമുണ്ടാകുമെന്നു് കാത്തിരിക്കുന്നതു മൗഢ്യമാണ്. കേരളീയർ അവഗണിക്കപ്പെടുന്നതിന്റെ തിക്തഫലങ്ങൾ കേരളീയരെ പൊതുവേ ബാധിക്കുന്നു എന്നള്ളതിനാൽ, അതിനു ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി, കേരളത്തിലെ എല്ലാ രാഷ്ട്രീയകക്ഷികളും പ്രമുഖവ്യക്തികളും ഒന്നിച്ചു പോംവഴി ആരായേണ്ടിയിരിക്കുന്നു.

....o....

കടകപ്പള്ളി പഞ്ചായത്തിനെതിരെ നടപടി എടുക്കാൻ ആലോചന

തിരുവനന്തപുരം, മേ. 26

പണ്ഡിറാഴ് നെഹറുവിന്റെ ചരമദിനം ആചരിക്കേണ്ടതില്ലെന്നു് കടകംപള്ളി പഞ്ചായത്തുകൗൺസിൽ ചെയ്ത തീരുമാനത്തിനെതിരെ ഗവ. നടപടികൈക്കൊള്ളുന്നതിനെപ്പറ്റി അഭിപ്രായത്തിൽ ഇന്നലെ ചേർന്ന പൊതുയോഗം പ്രതിഷേധം പ്രകടിപ്പിക്കുകയുണ്ടായി.

....o....

ബസ്സ് മറിഞ്ഞു് 10 പേർക്കു പരുക്കു്

കണ്ണൂർ, മേ. 25

പഴയങ്ങാടി-പാഴ്നിക്കടവു് ലയിനിൽ ഓടുന്ന ഒരു ബസ്സു് ഇന്നലെ ഉച്ചയ്ക്കു് ധർമ്മശാല എന്ന സ്ഥലത്തുവച്ചു് സൈഡ് ഇടിത്തതിന്റെ ഫലമായി മറിയുകയും പലർക്കും പരുക്കേല്ക്കുകയും ചെയ്തു. പിന്നീടു് 10 പേരെ പാപ്പിനിശ്ശേരി ഹെൽത്തു്സെന്ററിൽ പ്രവേശിപ്പിക്കുകയുണ്ടായി. ആർക്കും ഗുരുതരമായ പരുക്കുകളില്ല.

....

ഖാദി ഗ്രാമവ്യവസായപ്രവർത്തക യോഗം

കേരളാടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിച്ചു.

തൃശൂർ മെയ് 25

കേരളത്തിൽ ഖാദിഗ്രാമ വ്യവസായങ്ങളിൽ ഏർപ്പെട്ടിട്ടുള്ള പ്രവർത്തകരുടെ ഒരു യോഗം തൃശ്ശൂരിൽവച്ചു് എസ്. എസ്. വെല്ലുവിളിക്കുപറ്റിയ കപ്പു് മാത്രമാണു് നൽകിയതു്. കഴിഞ്ഞ കൊല്ലത്തെ വിധിയെക്കുറിച്ചു് ജിംഖാന സി. ഡി. ഡി. എ. യുമായുള്ള തർക്കത്തെ തുടർന്നു് ഡിസ്ട്രിബ്യൂഷൻ നിർത്തിവച്ചിരിക്കുന്നു. യോഗത്തിൽവെച്ചു് താഴെ പറയുന്നവരെ അതാതു ഡിസ്ട്രിക്ട് കൺവീനർമാരായി തിരഞ്ഞെടുത്തു. തിരുവനന്തപുരം [ജി. വിശ്വനാഥൻ] കൊല്ലം [കെ. കൃഷ്ണപിള്ളർ] ആലപ്പുഴ [എൻ. രവീന്ദ്രമേനോൻ] കോട്ടയം [എൻ. ജെ. സുമതിഅമ്മ] എറണാകുളം [എസ്. പെല്ലപ്പൻകുട്ടി] തൃശ്ശൂർ [എം. ആർ. സുന്ദരം] പാലക്കാടു് [പ്രം. കേശവൻ] കോഴിക്കോടു് [എം. ശ്രീധരൻ കണ്ണൂർ [വി. ശ്രീധരൻ നമ്പ്യാർ] വി. കെ. ദാസ് പ്രസിഡന്റായി 15 പേർ അടങ്ങുന്ന ഒരു സ്റ്റേറ്റ് കമ്മറിയെ ഭാവിപ്രവർത്തനങ്ങൾക്കുവേണ്ടി യോഗം തെരഞ്ഞെടുത്തു.

ഖാദിഗ്രാമവ്യവസായങ്ങളിൽ ഏർപ്പെട്ടിട്ടുള്ള പ്രവർത്തകരുടെ സേവന ഭദ്രതയും സേവന വ്യവസ്ഥകൾ എന്നിവമെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചു് യോഗത്തിൽ പങ്കെടുത്ത പലരും സംസാരിക്കുകയുണ്ടായി.

....

ആസൂത്രണക്കാരി ആസ്പത്രിയിൽ

നെടുമങ്ങാടു് മേയ് 25

കുടുംബാസൂത്രണം പ്രചരിക്കുന്നതിനു പഞ്ചായത്തു് വിതരണം ചെയ്യുന്ന ഗുളിക ഉപയോഗിക്കേണ്ടതു് എങ്ങിനെയെന്നറിയാതെ ഉള്ളിൽ കഴിച്ചു് വെള്ളവും കുടിച്ച ഒരു സ്ത്രീ പരിഭ്രാന്തയായി ആസ്പത്രിൽ അഭയം പ്രാപിച്ച ഒരു സംഭവം ഇന്നലെ ഇവിടെ ഉണ്ടായി. കുടുംബാസൂത്രണത്തിള്ള ഈ ഗുളികകളും (ഫോം ടാബ്ലാറ്റ്) മറ്റുപകരണങ്ങളും നെടുമങ്ങാടു് പഞ്ചായത്തു് വൈദ്യജനുമായി വിതരണം ചെയ്യുന്നുണ്ടു്. ഗുളിക ഉപയോഗിക്കേണ്ടതു് എങ്ങനെയെന്നു് വിശദീകരിച്ചു് കോടുക്കാൻ നിൽക്കാതെ ലജ്ജപൂണ്ടു് സ്ഥലം വിട്ട ഒരു യുവതിക്കാണു് ഈ ഔഷധഫലം അനുഭവിക്കേണ്ടവന്നതു്. ഗുളിക സേവിച്ചയുടൻ വയറിനു് എന്തോ അസുഖം ഇവക്കു് അനുഭവപ്പെട്ടവത്രെ. അങ്ങനെയാണു് ഇവർ ആസ്പത്രിയിൽ എത്തിയതു്. ഒടുവിൽ ഡോക്ടർമാരിൽനിന്നു് തനിക്കു പാറിയ അമളി എന്തെന്നു് അറിഞ്ഞപ്പോൾ ആ യുവതി നാണിച്ചു പോയി.

[സ്വ. ലേ]

....o....

ക്ഷീരധാ നൽകിയില്ലെന്നു്

[സ്വ. ലേ] കണ്ണൂർ, മെ. 25

എല്ലാ കൊല്ലവും നടത്തിവരാറുള്ള സ്റ്റേർ ജില്ലാ ലീഗ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് മത്സരത്തിൽ വിജയികൾക്കു നൽകുന്ന ഷീൽഡ് ഇത്തവണ ചാമ്പ്യൻഷിപ്പു നേടിയ ബ്രദേഴ്സിനു സി. ഡി. എഫ്. എ. നൽകുകയുണ്ടായില്ല. നേരത്തിനു മുമ്പായി കപ്പു് മാത്രമാണു് നൽകിയതു്. കഴിഞ്ഞ കൊല്ലത്തെ ചാമ്പ്യനായിരുന്ന നെഹ്രുവിന്റെ സ്ഥിതി യഥാർത്ഥനാധിപത്യജീവിതം നയിച്ച ഒരു പ്രധാനമന്ത്രിയായിരുന്ന അദ്ദേഹം. ഭാവിതലമുറയെ വിസ്മയിപ്പിക്കാവുന്ന ഒരു വിരോധാഭാസം.

ജവഹർലാൽനെഹ്രുവും ജനാധിപത്യസോഷ്യലിസവും

(കെ. വി. രഘുനാഥൻനായർ, എം പി.)

അസമത്വത്തിൽ അധിഷ്ഠിതമായ ഒരു സാമൂഹ്യഘടന പ്രകൃതിയുള്ളതിരുന്നു. അതു് കാലക്രമത്തിൽ നശിക്കുകതന്നെ ചെയ്യും. ഇന്ത്യയുടെ സാമൂഹ്യ ചരിത്രത്തെപ്പറ്റി അഗാധമായ ജ്ഞാനമുള്ള പണ്ഡിത നെഹ്രുവിനു് ഇതറിയാമായിരുന്നു. 1929_ൽ ലാഹോറിൽ നടന്ന കോൺഗ്രസ്സ് സമ്മേളനത്തിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു 'സുസ്ഥിരമായ ഒരു സാമൂഹ്യക്രമം ആവിഷ്ക്കരിക്കുന്നതിൽ ഇന്ത്യയ്ക്കു് മത്തായ വിജയമുണ്ടായിട്ടുണ്ടു്. പക്ഷെ ഇതിലെ ജീവൽ പ്രധാനമായ പോരായ്മ ഇന്ത്യ പരാജയപ്പെട്ട. ഈ പരാജയം കാരണം ഇന്ത്യ തകർന്നു വീണു. ഇപ്പോഴും ആ അവസ്ഥ തുടരുന്നു. സമത്വമെന്ന പ്രശ്നത്തിനു് പരിഹാരം കണ്ടില്ല എന്നതായിരുന്നു ഈ പരാജയം'

സമത്വം, സാമൂഹ്യനീതി, ഭദ്രത എന്നിവയിൽ അധിഷ്ഠിതമായ ഒരു ഇന്ത്യസമുദയം സൃഷ്ടിക്കുന്നതിനു് സാമൂഹ്യഘടനയുടെ മൗലികമായ പരിവത്തനം ആഗ്രഹിക്കുന്ന ഒരു സാമൂഹ്യതത്വശാസ്ത്രം വികസിപ്പിക്കാൻ നെഹ്രു ശ്രമിച്ചു. ജനാധിപത്യരീതിയിൽ സമാധാന സമുദയങ്ങളിലൂടെ എല്ലാവർക്കും അവസരങ്ങൾ നൽകുന്ന ഒരു വർഗ്ഗരഹിതസമുദായത്തിനെ സൃഷ്ടിയായിരുന്നു ഈ സാമൂഹ്യതത്വശാസ്ത്രത്തിന്റെ ആത്യന്തിക ലക്ഷ്യം.

ശ്രീ. നെഹ്രുവിന്റെ വിവിധ പ്രസംഗങ്ങളിലും അദ്ദേഹത്തിന്റെ ആത്മകഥയിലും വർഗ്ഗരഹിത സമുദായമെന്ന ആശയത്തിനു് പ്രകാശനം നൽകിയിട്ടുണ്ടു്. ആത്മകഥയിൽ അദ്ദേഹം പറയുന്നു. 'എല്ലാവർക്കും തുല്യമായ സാമ്പത്തികനീതിയും അവസരവും നൽകുന്ന ഒരു വർഗ്ഗരഹിത സമുദായം മാത്രമായിരിക്കണം നമ്മുടെ ലക്ഷ്യം. ഇതിനു് തടസ്സമായി വരുന്ന എല്ലാറാറിനേയും സാധ്യമെങ്കിൽ സമാധാനമായ ആവശ്യമെങ്കിൽ ശക്തി ഉപയോഗിച്ചും തട്ടി നീക്കേണ്ടതുണ്ടു്.'

അടിസ്ഥാന സിദ്ധാന്തങ്ങൾ

വർഗ്ഗരഹിതസമുദായം സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗങ്ങളായി ജനാധിപത്യം, സോഷ്യലിസ്റ്റം എന്നീ രണ്ടു് അടിസ്ഥാനസിദ്ധാന്തങ്ങൾ അദ്ദേഹം എപ്പോഴും ഉന്നയിച്ചിരുന്നു. ഈ രണ്ടു് അടിസ്ഥാന സിദ്ധാന്തങ്ങൾ തമ്മിലുള്ള സങ്കലത്തെ ജനാധിപത്യ സോഷ്യലിസമെന്നോ സോഷ്യലിസ്റ്റ് ജനാധിപത്യമെന്നോ വിവരിക്കാം. ജനാധിപത്യനെറ വിജയത്തിലൂടെ വേണം, കുടുംബാധിപത്യത്തിന്റെ ക്രൂരഭരണത്തിലൂടെ അല്ല, നാട്ടിൽ സോഷ്യലിസം സ്ഥാപിക്കാൻ എന്നതാണു് ഇതിന്റെ സാരം. ജനാധിപത്യരീതിയിൽ കീഴിലുള്ള രക്തപാതരഹിതസമത്തിൽനിന്നു് സോഷ്യലിസത്തിന്റെ കീഴിലുള്ള യഥാർത്ഥ സമത്വത്തിലേയ്ക്കുള്ള പരിവത്തനത്തെയാണു് ജനാധിപത്യ സോഷ്യലിസം എന്ന ആശയം പ്രതിനിധീകരിക്കുന്നതു്.

കാരോ രാജ്യത്തും സോഷ്യലിസത്തിലേയ്ക്കുള്ള പാത അവിടെ നിലവിലുള്ള രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവുമായ സ്ഥാപനങ്ങളുടെ പ്രകൃതത്തെ ആശ്രയിച്ചിരിക്കും. ഇന്ത്യയിൽ സോഷ്യലിസത്തിലേയ്ക്കുള്ള മാർഗ്ഗമേതാണു്? ശ്രീ. നെഹ്രു പറയുന്നു: "ഇന്ത്യയിലെ സാമൂഹ്യ-സാമ്പത്തിക സ്ഥിതിഗതികളിൽ ഇന്ത്യൻ സാമൂഹ്യഘടനയുടെ അടിസ്ഥാനം സജീവവും ചലനാത്മകവുമാക്കിത്തീർക്കേണ്ടിയിരിക്കുന്നു. ഇതിനു നിയമത്തിലെ നിശ്ചലാംശം ചലനാത്മകാംശത്തിനു് വഴിമാറികൊടുക്കണം_ രണ്ടും തമ്മിൽ സംഘർഷം ഉണ്ടാവുകയാണെങ്കിൽ സ്റ്റോററിന്റെ നയത്തിന്റെ നിർദ്ദേശകതത്വങ്ങൾ (ചലനാത്മകമായ അംശത്തെ പ്രതിനിധീകരിക്കുന്നു; മൗലികാവകാശങ്ങൾ നിശ്ചലമായ അംശത്തേയും. 'ഒരു നിയമം നിശ്ചലമായിത്തീരുന്ന നിമിഷംതൊട്ടു് അതിനു് മാറിക്കൊണ്ടിരിക്കുന്ന സമുദായവുമായി ബന്ധം മറിയുന്നു" എന്നു് നെഹ്രു പറയുന്നു. "നിയമവ്യവസ്ഥയുടെ ഉള്ളടക്കം എപ്പോഴും പരിവത്തനവിധേയമാകുന്നു. അടുത്ത ദിവസത്തെ ആവേശജനകമായ കത്തവ്യങ്ങൾ ഇവരെപ്പോഴും ഉറക്കമുക്കിയിരുന്നു. ഇതു പ്രായമായാട്ടും സ്വതന്ത്രമായ ചരിത്രത്തിൽ ഇനിയൊരാളെ നെഹ്രുവുണ്ടാകാൻ ഏതാനും തലമുറകൾ കഴിയേണ്ടിവരുന്നുണ്ടും. ശ്രീ നെഹ്രു തുടങ്ങിവെച്ച, സോഷ്യലിസ്റ്റ് വികസന പ്രക്രിയയുടെ മുന്നോട്ടുകൊണ്ടുപോകുകയും ഇന്ത്യയിൽ പൂർണ്ണവളച്ചയെത്തി

നടപടികളും അല്ല സല്പും ആസൂത്രണവും [ഉദാഹരണം: ടെന്നിസ്സിവാലി അതാറാറി] ഉണ്ടെങ്കിലും അവയുടെയെല്ലാം ആത്യന്തികോദ്ദേശ്യം മുതലാളിത്തസ്ഥാപനങ്ങൾ സുസ്ഥിരമാക്കിത്തീർക്കുകയാണു്. നേരേമറിച്ചു് നെഹ്രുവിഭാവനം ചെയ്ത ആസൂത്രണ വ്യവസ്ഥിതിയിൽ പൊതുമേഖല സ്റ്റോററിന്റെ സഹായത്തോടെ സമ്പദ്വ്യവസ്ഥയുടെ മുഖ്യപ്രധാനമായ ഭാഗങ്ങൾ കയ്യടക്കിമുന്നേറുകയും ദേശീയ സമ്പത്തു് ജനങ്ങളുടെ എല്ലാവരുടേയും തുല്യത്തിനു് ഉപയോഗപ്പെടുത്തുന്നതിനും' വിഭാവനചെയ്യപ്പെട്ടിരുന്നു.

സാമൂഹ്യ ഉടമസ്ഥത

'സാമൂഹ്യ ഉടമസ്ഥത'കൊണ്ടു് നെഹ്രു എന്താണു് ഉദ്ദേശിച്ചതു്? 'ഇന്ത്യയെ കണ്ടെത്തലി'ൽ അദ്ദേഹം പറയുന്നു: 'ജനാധിപത്യ രീതിയിലുള്ള കൂട്ടുടമ സമ്പദ്വ്യവസ്ഥതിൻ സ്വകാര്യസ്വത്തു് പൂണ്ണമായി നശിപ്പിക്കണമെന്നും അപൂണ്ണമായി നശിക്കണമെന്നും അർത്ഥമില്ല. അടിസ്ഥാനപരവും പ്രധാനപ്പെട്ടതുമായ വ്യവസായങ്ങളും പൊതുഉടമയിലാകണമെന്നാണു് ഇതിനർത്ഥം. ഭൂമിയുടെ മേലുള്ള നിയന്ത്രണം സഹകരണപരമോ സംഘടിതമോ ആയിരിക്കണമെന്നും ഇതുകൊണ്ടു് ഉദ്ദേശിക്കുന്നു. ഇതിനു് ശ്രദ്ധാപൂവ്വവും നിരന്തരമുമായ ആസൂത്രണം വേണം. ജനങ്ങളുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളുമായി യോജിച്ചു പോകേണ്ടതും ആവശ്യമാണു്.'

സ്റ്റോറ് സോഷ്യലിസത്തിന്റെയും സ്റ്റോറ് മുതലാളിത്തത്തിന്റെയും കീഴിൽ ഉടമസ്ഥതയുടെ വളച്ചയിലുള്ള സാജാത്യങ്ങളും ഇവ രണ്ടും ഒന്നാണെന്ന നിഗമനത്തിൽ ചിലരെ എത്തിക്കുകയുണ്ടായി. പക്ഷെ അബദ്ധജടിലമായ ഈ ചിന്താഗതിയെ നെഹ്രു ആദ്യംതന്നെ നിരാകരിച്ചു. അദ്ദേഹം പറഞ്ഞു: 'ഒരു സ്റ്റോറ്, ഉടമസ്ഥവർഗ്ഗത്തിന്റെ പ്രയോജനത്തിനു് അല്പസോഷ്യലിസ്റ്റ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെടുകയുള്ളൂ. എസ്റ്റോറ് സോഷ്യലിസവും സ്റ്റോറ് മുതലാളിത്തവും ഏതാണ്ടു് ഒരുതന്നെ. സ്റ്റോററിൽ ആക്കാണു് നിയന്ത്രണാവകാശം, ആക്കാണു് നേട്ടം കിട്ടുന്നതു്, സമുദായത്തിനു് മുഴുവനോ അതോ ഉടമസ്ഥവർഗ്ഗത്തിനോ സ്റ്റോററിന്റെ മേൽ നിയന്ത്രണം, സ്റ്റോററിന്റെ നടപടികൊണ്ടുമുള്ള ആത്മലക്ഷ്യം കിട്ടുന്നതു് ആക്കാണു് എന്നതൊക്കെയാണു് യഥാർത്ഥപ്രശ്നം.'

'ലല്പദനോപാധികം സ്റ്റോറ് സ്വന്തമാക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതോടെ എല്ലാമായില്ല. ഞങ്ങൾക്കെല്ലാം ദിവസംതോറുമുള്ളകാനിനാധ്വാനത്തിൽ ഒരുതരം രസവും സന്തോഷവുമാണു് തോന്നിയിരുന്നതു്. അതെല്ലാം കഴിഞ്ഞുപോയല്ലോ എന്നേ ഇപ്പോൾസങ്കടമുള്ളൂ.'

ആരോഗ്യത്തിൽ അഭിമാനം

നെഹ്രുവിന്റെ പൊതുവായ ആരോഗ്യ

ജനാധിപത്യവും മുതലാളിത്തവും

സ്റ്റോറ് മുതലാളിത്തവും സ്റ്റോറ് സോഷ്യലിസവും തമ്മിൽ സാമ്യമില്ലെന്നു മാത്രമല്ല, സഹജമായ ഭിന്നതയുണ്ടുതാനും. ലോകപരിതസംഗ്രഹത്തിൽ ശ്രീ. നെഹ്രു പറയുന്നു: 'ജനാധിപത്യവും മുതലാളിത്തവും തമ്മിലുള്ള തർക്കം ആജന്മമാണു്, നിരന്തരവും. തെറ്റായ പ്രചാരണവും, പാർലിമെന്ററികപോലുള്ള ജനാധിപത്യതിന്റെ ബാഹ്യരൂപങ്ങളും, ഭരണവർഗ്ഗം മറഞ്ഞുനിന്നു് ഭരണം അടക്കിനിത്താൻ എടുക്കുന്ന നടപടികളും കാരണം, ഈ ഭിന്നത മറച്ചുവെയ്ക്കപ്പെടുന്നു. പക്ഷെ ഇത്തരം യാതൊരു നടപടികളും ബാക്കിയില്ലാത്ത ഒരു കാലഘട്ടം. ഇപ്പോൾ രണ്ടു ഗ്രൂപ്പുകളും തമ്മിലുള്ള മുകംതലപ്പിലെത്തും. തങ്ങളുടെ അധികാരം നിലനിത്താനും തൊഴിവാളികളെ അടിച്ചമത്താനും ജനാധിപത്യസ്ഥാപനങ്ങളും ഉപയോഗപ്പെടുത്താൻ മുതലാളിത്തത്തിനു കഴിയുന്ന കാലത്തോളം ജനാധിപത്യം പ്രവത്തിക്കാൻ അനുവദിക്കപ്പെടുന്നു. ഇതു് സാധിക്കാതെ വരുമ്പോൾ അതു് ജനാധിപത്യം വലിച്ചെറിയുകയും അക്രമം ഭീകരത എന്നീ ഫാസിസ്റ്റ് സമ്പ്രദായങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു.

ക്ഷേമരാഷ്ട്രം

നെഹ്രുവിന്റെ ലേഖനങ്ങളിലും പ്രസംഗങ്ങളിലും "ക്ഷേമരാഷ്ട്ര"മെന്ന പരാമർശനം ഇടയ്ക്കിടെ കാണാം. ബഹറിഡ്ജ് റിപ്പോർട്ടാണ് ക്ഷേമരാഷ്ട്രമെന്ന ആശയത്തിനു് പിറവികൊടുത്തതു്. ദരിദ്രക്ക് വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സാമൂഹ്യസൗകര്യം എന്നിവയും മറ്റു സൗകര്യങ്ങളും പ്രദാനം ചെയ്യാൻ സ്റ്റോറ് ഇടപെടുന്നതിനെയാണ് ഇതുകൊണ്ടുദ്ദേശിച്ചതു്. ശ്രീ നെഹ്രു പറയുന്നു. 'സോഷ്യലിസത്തിന്റെ നിർവ്വചിയിൽ ആശയങ്ങൾ ക്രമേണയായി മുതലാളിത്തഘടനയിൽ കൂട്ടിച്ചേർത്തുവരുന്നുകൊണ്ടു് സോഷ്യലിസവും മുതലാളിത്തവും തമ്മിലുള്ള അകൽച്ച കുറഞ്ഞുവരുന്നുള്ള പ്രവണതയുണ്ടു്.'

പണ്ഡിത നെഹ്രുവിനെ സംബന്ധിച്ചിടത്തോളം സോഷ്യലിസം പ്രവത്തനപ്രയോഗത്തിലുള്ള ഹ്യുമനിയമാണ്. 'സോഷ്യലിസം കൈവരിക്കാൻ വിപ്ലവകരമായ പ്രവത്തനം അനാവശ്യമായിരിക്കാം. പക്ഷേ വിപ്ലവകരമായ ചിന്തയും അതിന്റെ ഫലമായി യുക്തിപരവുംസൃഷ്ടിപരവുമായ ആശയും അനപേക്ഷണീയമാണു്, 'എന്നു് ബർട്രണ്ട് റസ്സൽ പ്രസ്താവിച്ചിട്ടുണ്ടു്. ശ്രീ നെഹ്രുവിന്റെ തത്വങ്ങളും സോഷ്യലിസം സ്ഥാപിക്കുന്നതിനാവശ്യമായ വിപ്ലവചിന്ത പ്രോത്സാഹനം ചെയ്യുന്നു. ഇന്ത്യൻ സോഷ്യലിസ്റ്റ് ചിന്തയുടെ ചരിത്രത്തിൽ ഇനിയൊരാളെ നെഹ്രുവുണ്ടാകാൻ ഏതാനും തലമുറകൾ കഴിയേണ്ടിവരുന്നുണ്ടും. ശ്രീ നെഹ്രു തുടങ്ങിവെച്ച, സോഷ്യലിസ്റ്റ് വികസന പ്രക്രിയയുടെ മുന്നോട്ടുകൊണ്ടുപോകുകയും ഇന്ത്യയിൽ പൂർണ്ണവളച്ചയെത്തിയിട്ടുള്ള ജനാധിപത്യ സോഷ്യലിസ്റ്റ് സമൂഹം കെട്ടിപ്പടുക്കുകയും ചെയ്യേണ്ടതു് നമ്മുടെ കടമയാണ്. ഇന്ത്യ വിവി കൊടുത്ത ഏറവും മഹാനായ ഈ സോഷ്യലിസ്റ്റ് ചിന്തകന് നമുക്കണ്ടാക്കാവുന്ന ഏറവും നല്ല സ്മാരകം അതായിരിക്കും.

—

എരുമ തീവണ്ടി തുടഞ്ഞുനിത്തി

പാലക്കാടു്, മേ 25

ഇവിടെ ഏറവും തിരക്കുപിടിച്ച ഗാന്ധിജസ്വാർ റെയിൽവേ ക്രോസിംഗിൽ, ഒരു വലിയ എരുമ കാരണം ഒരുമണിക്കോടു് ട്രാഫിക്കിൽ പാസ്സഞ്ചർ വണ്ടി ഒരു മണിക്കൂറിലേറെ നേരം താമസിക്കേണ്ടിവന്നിരിക്കുന്നു. ഓടിവരുന്നതീവണ്ടിയുടെ നേരെ വെകിളി പിടിച്ചുഎരുമ എടുത്തു് ചാടുകയും എഞ്ചിന്റെ മുന്പിലുള്ള ബമ്പറിനും ചക്രങ്ങൾക്കും ഇടയിൽ കടുങ്ങി തൽക്ഷണം മരിക്കുകയും ചെയ്തു. പക്ഷേ, അതിന്റെ ഉടൽ ചക്രങ്ങൾക്കിടയിൽ കടുങ്ങിപ്പോയതിനാൽ വണ്ടിക്കു് മുന്നോട്ടുപോകാൻ സാധിച്ചില്ല. ഒടുവിൽ വഴിയെ വെട്ടുകത്തികൊണ്ടുവന്നു് എരുമയുടെ ഉടൽ പല കഷണങ്ങളായി കീറിമുറിച്ചുമാറിയതിനു് ശേഷമാണു് തീവണ്ടിച്ചക്രങ്ങൾക്കു മുന്നോട്ടു് ഉരുളാൻ കഴിഞ്ഞതു്.

ലെവൽക്രോസിംഗിന്റെ ഗേറ്റുകളും അടച്ചിരുന്നതിനാൽ ഇരുഭാഗത്തുമുള്ള റോഡുകളിൽ മറവാഹനങ്ങളും നിരനങ്കിടന്നു് ഒട്ടേറെ സഞ്ചാരതടസ്സമുണ്ടാക്കി.

—

ചാവക്കാടു് ബ്ലോക്കിലെ വികസന പ്രവത്തനങ്ങൾ

ഏഴര ലക്ഷം രൂപ ചിലവഴിച്ചു

ചാവക്കാടു്, മെയ് 26

കഴിഞ്ഞ സാമ്പത്തികവഷം അവസാനംവരെയായി ഒന്നാംഘട്ടത്തിലുള്ള ചാവക്കാടു് വികസന ബ്ലോക്കിൽ 766348 രൂപാ ചിലവഴിച്ചതായി ബ്ലോക്കു് ഡവലപ്പ്മെന്റ് കോഫീസ്സുടെ റിപ്പോർട്ടിൽ പറയുന്നു. അതിൽ കൃഷി, മൃഗസംരക്ഷണം എന്നിവയ്ക്കു് 198074 രൂപയും, ജലസേചനത്തിനു്

മ്മിക്കുന്നതിനു നാട്ടുകാർ പരിശ്രമിച്ചുവരികയാണു്

....o....

നെഹ്രുവിനോടൊപ്പം പതിനെട്ടുവർഷം

നെഹ്രുവിനു് അർപ്പിക്കപ്പെട്ടിട്ടുള്ള ആദരാഞ്ജലികളിലെല്ലാം മാതൃമേയ്ക്കു് അദ്ദേഹം ഉണ്ടാക്കിക്കൊടുത്ത മഹത്തായ നേട്ടങ്ങളും വൈവി

സാഹിത്യപരിഷത്ത് 29_ാംവാർഷിക സമ്മേളനം

മെയ് 28, 29, 30 തീയതികളിൽ വിവിധ പരിപാടികളോടെ ഇരിങ്ങാലക്കുടയിൽ നടത്തപ്പെടുന്ന _ കേരളത്തിലെ പ്രശസ്തസാഹിത്യ നായകന്മാർ സംബന്ധിക്കും

(സ്വ. ലേ.] ഇരിങ്ങാലക്കുട, മെയ് 26

സമസ്ത കേരള സാഹിത്യപരിഷത്തിന്റെ 29_ാംവാർഷികസമ്മേളനം മെയ് 28, 29, 30 തീയതികളിൽ ക്രൈസ്റ്റ് കോളേജിൽ കലാസമിതിയായി നിർമ്മിച്ചിട്ടുള്ള 'ഉണ്ണായിനഗറി'ൽ വിവിധ കലാപരിപാടികളോടുകൂടി നടത്തപ്പെടുന്നതാകുന്നു. മാതൃഭൂമി പത്രാധിപർ കെ. പി. കേശവമേനോൻ സമ്മേളനം ഉൽഘാടനം ചെയ്യുന്നതാണ്.

വിശദമായ പരിപാടി താഴെ ചേർക്കുന്നു.

28_ാംതാ- വെള്ളി

വൈകുന്നേരം 5 മണിക്ക് ഉദ്ഘാടനസമ്മേളനം. ഉദ്ഘാടനം കെ. പി. കേശവമേനോൻ. അദ്ധ്യക്ഷൻ:_ ജോസഫ് മുണ്ടശ്ശേരി.

വൈകീട്ട് 7 മണിക്ക് ഒന്നാംസമ്മേളനം. വിമർശനസാഹിത്യം. അദ്ധ്യക്ഷൻ:_ സുകുമാർ അഴീക്കോട്. ഉദ്ഘാടനം:_ കുറുപ്പ് കൃഷ്ണപിള്ള. സ്വാഗതം:_ എം. കെ. ജോസഫ് നെടുങ്കനം.

പ്രസംഗങ്ങൾ:_ എം. ഗോവിന്ദൻ, പി. കെ. ബാലകൃഷ്ണൻ, എം കെ. സാനു; കെ. എം. തരകൻ.

അന്നരാത്രി 9_30ന് സുപ്രസിദ്ധസിനിമാനടനായ മധു കലാപരിപാടികൾക്ക് ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. ശ്രീ പി. നായർ, ഉദയഭാനു, ലത തുടങ്ങിയ പാർട്ടിയുടെ സംഗീതക്കച്ചേരി.

സംഗീതക്കച്ചേരിക്ക് 1ക. മുതൽ 10രൂപ വരെയാണ് ടിക്കറ്റ് നിരക്ക്.

29_ാംതാ- ശനിയാഴ്ച രണ്ടാംസമ്മേളനം

രാവിലെ 10 മണി മുതൽ അഭിനയകലകൾ, അദ്ധ്യക്ഷൻ എൻ. പി. നമ്പൂതിരിപ്പാട്, ഉൽഘാടനം:_ ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായർ. പ്രസംഗങ്ങൾ:_ പുരൂർ അച്ചുതമേനോൻ, കെ. പി. നാരായണപിഷാരടി, കുട്ടനാട്ടു രാമകൃഷ്ണപിള്ള, സി. എൽ. ജോസ്, കെ. കെ. വാധ്യാർ.

മൂന്നാംസമ്മേളനം

രണ്ടരമണി മുതൽ മണിവരെ ചരിത്രവും ഗവേഷണവും. അദ്ധ്യക്ഷൻ:_ പത്തേഴത്തു രാമമേനോൻ, ഉൽഘാടനം:_ എ. ശ്രീധരമേനോൻ.

പ്രസംഗങ്ങൾ:_ ടി. എം. വർഗ്ഗീസ്, പി. കൃഷ്ണകൃഷ്ണമേനോൻ, വി. സി. കുഞ്ഞിക്കുട്ടൻ, എം കെ. സാനു; കെ. എം. തരകൻ.

അന്നരാത്രി 9_30ന് സുപ്രസിദ്ധസിനിമാനടനായ മധു കലാപരിപാടികൾക്ക് ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. ശ്രീ പി. നായർ, ഉദയഭാനു, ലത തുടങ്ങിയ പാർട്ടിയുടെ സംഗീതക്കച്ചേരി.

സംഗീതക്കച്ചേരിക്ക് 1ക. മുതൽ 10രൂപ വരെയാണ് ടിക്കറ്റ് നിരക്ക്.

29_ാംതാ- ശനിയാഴ്ച രണ്ടാംസമ്മേളനം

രാവിലെ 10 മണി മുതൽ അഭിനയകലകൾ, അദ്ധ്യക്ഷൻ എൻ. പി. നമ്പൂതിരിപ്പാട്, ഉൽഘാടനം:_ ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായർ. പ്രസംഗങ്ങൾ:_ പുരൂർ അച്ചുതമേനോൻ, കെ. പി. നാരായണപിഷാരടി, കുട്ടനാട്ടു രാമകൃഷ്ണപിള്ള, സി. എൽ. ജോസ്, കെ. കെ. വാധ്യാർ.

മൂന്നാംസമ്മേളനം

രണ്ടരമണി മുതൽ മണിവരെ ചരിത്രവും ഗവേഷണവും. അദ്ധ്യക്ഷൻ:_ പത്തേഴത്തു രാമമേനോൻ, ഉൽഘാടനം:_ എ. ശ്രീധരമേനോൻ.

പ്രസംഗങ്ങൾ:_ ടി. എം. വർഗ്ഗീസ്, പി. കൃഷ്ണകൃഷ്ണമേനോൻ, വി. സി. കുഞ്ഞിക്കുട്ടൻ, എം കെ. സാനു; കെ. എം. തരകൻ.

അന്നരാത്രി 9_30ന് സുപ്രസിദ്ധസിനിമാനടനായ മധു കലാപരിപാടികൾക്ക് ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. ശ്രീ പി. നായർ, ഉദയഭാനു, ലത തുടങ്ങിയ പാർട്ടിയുടെ സംഗീതക്കച്ചേരി.

സംഗീതക്കച്ചേരിക്ക് 1ക. മുതൽ 10രൂപ വരെയാണ് ടിക്കറ്റ് നിരക്ക്.

30_ാംതാ- ഞായർ

അഞ്ചാംസമ്മേളനം

കാവുമേള

അദ്ധ്യക്ഷ:_ റവ. സിസ്റ്റർ മേരി ബെനീഞ്ച സി. ഡി.

ഉൽഘാടനം:_ പി. കുഞ്ഞിരാമൻ നായർ.

പ്രസംഗങ്ങൾ:_ നളിനകമാരി, എൻ. ജെ. ഫ്രാൻസിസ്, സി. കൃഷ്ണൻ നായർ, സാഹിതീസഭനം പൊന്നമ്മ, മൂടാടി ദാമോദരൻ, പത്മനൂർ ബാലകൃഷ്ണൻ, എ. കെ. ഗംഗാധരൻ, വി. കമലാകരമേനോൻ.

ആറാംസമ്മേളനം

ശാസ്ത്രസാഹിത്യം

ഉച്ചതിരിഞ്ഞ രണ്ടരമുതൽ 5 മണിവരെ

അദ്ധ്യക്ഷൻ:_ പി. ടി. ഭാസ്കരപ്പണിക്കർ

ഉൽഘാടനം:_ എം. കെ. കെ. നായർ

പ്രസംഗങ്ങൾ:_ കോന്നിയൂർ നരേന്ദ്രനാഥ്, കെ. ജി. അടിയോടി, എം. സി. നമ്പൂതിരിപ്പാട്, എം. വാണി ശ്രീരി.

ഏഴാംസമ്മേളനം

അഞ്ചരമണിമുതൽ 8 മണിവരെ

സാഹിത്യപോഷണമാർഗ്ഗങ്ങൾ

അദ്ധ്യക്ഷൻ:_ പ്രൊഫ: സെയ്തുമുഹമ്മദ്ദീൻഷാ.

ഉൽഘാടനം:_ പനമ്പള്ളി ഗോവിന്ദമേനോൻ.

പ്രസംഗങ്ങൾ:_ വൈക്കം ചന്ദ്രശേഖരൻനായർ, ഡി. സി. കിഴക്കേമുറി, സുകുമാരൻ പൊറോക്കാട്ട്, കെ. സി. പീറ്റർ, ആനി തയ്യിൽ, ഇ. എം. ജെ. വെണ്ണിയൂർ.

എട്ടാംസമ്മേളനം

രാത്രി 8മണി മുതൽ

അദ്ധ്യക്ഷൻ:_ പ്രൊ: ജോസഫ് മുണ്ടശ്ശേരി

സ്വാഗതം:_ ടോംജോസ്.

1 സാഹിത്യമത്സരങ്ങളുടെ ഫലപ്രഖ്യാപനം.

2 പ്രമേയങ്ങൾ

3 സമ്മാനദാനം

3 ഉപസംഹാരപ്രസംഗം

രാത്രി 9 മണിമുതൽ

മേജർ സെറ്റ് കഥകളി.

1ക. മുതൽ 10ക. വരെയുള്ള ടിക്കറ്റ്.

50ക. യിൽ കൂടുതൽ സംഭാവനചെയ്യുവർക്ക് മൂന്നുദിവസത്തെ കലാപരിപാടികളും കാണുന്നതിനുവേറെ ചാർജ്ജ് ആവശ്യമില്ല.

10ക. ക്ഷണം ചിലവിൽ പുറമെനിന്നുവരുന്നവർക്ക് ക്രൈസ്റ്റ് കോളേജ് ഹോസ്റ്റലിൽ താമസസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

പൊതുസമ്മേളനങ്ങളിൽ എല്ലാവർക്കും പ്രവേശനമുണ്ടായിരിക്കുന്നതാണ്.

സമ്മേളനസ്ഥലത്തെ ഫോൺനമ്പർ 58 ആണ്.

.....

WANTED Fully qualifid hands within the prescribed age limits for appointment under the Management H. S. Panangad H. S. A. S. Mathematics 2 (one permanent, one Deputation vacancy), General Science 2 (one Physical Science, one Nat Science) one permanent, one temporary, Social Studies (temporary) 2, Malayalam Part-time (temp) 1, Retired qualified teachers below 59 may also apply. Apply within 10days by Registered post to the manager, with copies to the D. E. O Irinjalakuda.

P. O. Panangad
23_5_1965

Manager,
High School,
Panangad.

WANTED Four T. T. C. hands within the prescribed age limits for appointment L. P. S. A's in temporary training vacancies. Retired hands below 59 years may also apply. Apply to the Manager with copy to A. E. O. Wadakkancheri within 10 days.

Manager
A. D. V. Peringandur.

WANTED two Sec. T. T. C. holders within the prescribed age limit for appointment under the Management of Edathuruthi South S. N. U. L. P. S, Edathuruthi P. O. for a permanent post from 1-6-65 and for a maternity leave vacancy from 2-6-65 on Rs 40-1-80. Apply within 10 days to the Manager by Registered post with a copy to the A. E. O Valapad. Retired hands below 59 may also apply.

WANTED fully qualified hands within prescribed age limits for appointments under the Management of Koorikuzhi A. M. U. P. School, Kaipamangalam. 4 Secondary trained post likely to be permanent. Retired qualified teachers below 59 may also apply Apply within 10 days to the Manager with copy to the Asst. Educational Officer Valapad.

WANTED Fully qualified hands within Prescribed age limits for appointment in School under the management of M. M. Aeraham, L. P. School Vb. rolippadam Manalithra P. O (Via) Wadakkancherry Cohin, as trained L. P. teachers in permanent vacancies. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the manager with copies to the A. E. O. Wadakkancherry.

Veerolippadam,
24-5-65.

WANTED Fully qualified hands with in the prescribed age limits for appointment in vacancies as shown below. Vacancies are likely to become permanent. Two Trained graduates, one in "Mathematics & one in Science, one physical education teacher and one fully qualified Craft teacher for book-binding" for appointment in S. N. Training School, Irinjalakuda. Graduates with 1st or 2nd class, and with basic training will be given preference. One trained physical science gradute, one part time Malayalam pandit, and one part time Hindi pandit for appointment in S. N. High School, Irinjalakuda. Retired hands below 59 may also apply. Apply within TEN days to the Manager, S. N. Training & High Schools, Irinjalakuda with copies to the District Educational Officer, Irinjalakuda.

ചന്ദ്രിക
ഔഷധസോപ്പ്
സൗന്ദര്യത്തെ
വർദ്ധിപ്പിക്കുകയും,
ചർമ്മരോഗങ്ങളെ
ഇല്ലാതാക്കുകയും
ചെയ്യുന്നു

സോഷ്യലിസത്തിന്റെ ഡോസു വർദ്ധിപ്പിക്കാനുള്ള വ്യഗ്രത

ഭക്ഷ്യരംഗത്ത് സർക്കാർ വരുത്തിക്കൂട്ടുന്ന എടാകൂടങ്ങൾ

_ ആനി കെ. തയ്യിൽ _

കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. സുബ്രഹ്മണ്യത്തിന്റെ സന്ദർശനം ആയിരം പ്രീക്ഷകളോടെയാണ് കേരളജനത കാത്തിരുന്നത്. ഭക്ഷ്യോപദേശക സമിതി എന്തെങ്കിലും തീരുമാനംചെയ്യും എന്നാം ആശിച്ചു. യാതൊരു തീരുമാനവുമില്ലെന്നത്തെ യോഗം 'പിരിയുകയാണുണ്ടായത്. പ്രധാനമായി മൂന്ന് അഭിപ്രായ ഗതികളാണ് സമിതിയുടെ യോഗത്തിൽ പൊന്തിവന്നത്.

1. സ്റ്റാറേറ്റരി റേഷനിങ്ങ് നടപ്പാക്കണം. 2. ഉക്കിണമേഖലാ സിസ്റ്റം പുനഃസ്ഥാപിക്കണം. 3. ഇന്നത്തെ റേഷൻ 6 ഔൺസ് 10 ഔൺസ് എങ്കിലും ആക്കി കൂട്ടണം.

ഒന്നും രണ്ടും അഭിപ്രായങ്ങൾ ശ്രീ. സുബ്രഹ്മണ്യം തള്ളിക്കളഞ്ഞ മൂന്നാമത്തേതിനെപ്പറ്റി ഡൽഹിയിൽ ചെന്നിട്ട് ആലോചിക്കാമെന്ന പറഞ്ഞു. ഇതും പെന്നിട്ടവേണംപോലും ആലോചിക്കാൻ! സമിതിയുടെ അഭിപ്രായം അദ്ദേഹത്തിനെ കണക്കിലെടുത്തതായി കാണുന്നില്ല. സ്വന്തം തീരുമാനം അറിയിക്കുക മാത്രമായിരുന്നു ഉദ്ദേശമെന്നുവരികിൽ യാത്രക്കാത്ത ചിലവാക്കാതെവിവരം ഡൽഹിയിൽവെച്ചാൽ പ്രസ്താവനയുടെ പുറത്തുവിട്ടാൽ മതിയായിരുന്നു.

കഴിഞ്ഞ പന്ത്രണ്ട വർഷം നുക്കരി കിട്ടി. ദക്ഷിണമേഖലാ സിസ്റ്റം ഉണ്ടായിരുന്നതുകൊണ്ട്. അതു നിറുത്തിയതാണിന്ന കഴപ്പത്തിന്റെ കാരണം. എന്നാ നാട്ടിലെ പത്രങ്ങൾ എഴുതുന്നു. ഇതി നെപ്പറ്റി പഠിച്ച വ്യക്തികൾ വാദിക്കുന്നു കെ. പി. സി. സി. പ്രസിഡണ്ട് പറയുന്നു. കേരള ഗവണ്മെന്റ് അഭിപ്രായപ്പെടുന്നു. മി. സുബ്രഹ്മണ്യം മാത്രം സമ്മതിക്കില്ല. എന്തൊരു ഇരവാശി?

6 ഔൺസ് അരിയാണന്നു കിട്ടുന്നതു്. 4 ദിവസത്തേക്കില്ല. ബാക്കി 3 ദിവസത്തേക്കെന്തു ചെയ്യും? ഓപ്പൺ മാർക്കറ്റിൽ വാങ്ങാം എന്നാണ് മന്ത്രി പറയുന്നതു്. കാപ്പൺ മാർക്കറ്റ് എന്നു ഒരു സാധനം ഇന്നിവിടെയില്ല. ഇരി ഒരു തെരുവിൽനിന്നു് വേറൊരു തെരുവിലേക്കപോലും കൊണ്ടുപോകാൻ വയ്യാത്തവണ്ണം കൾനമായി നിയന്ത്രിച്ചിരിക്കയാണു്. കട്ടും കളിച്ചും കൈള്ളി കൊടുത്തും കൊണ്ടുവരുന്ന കറുച്ചരികണ്ടേക്കും, കരിഞ്ചന്തയിൽ. അതു വാങ്ങണമെങ്കിൽ തീപ്പിടിച്ച വിലകൊടുക്കണം. പോരാണ്ണാ കാപ്പൺ മാർക്കറ്റ് എന്ന പേരു്? ലൈസൻസുള്ള കരിഞ്ചന്ത എന്നു പറഞ്ഞാൽ അതാവും ശരി.

അരിയില്ലാത്ത കാലത്തു് മന്ത്രി അരിക്കു് വില നിശ്ചയിച്ചു. കച്ചവടക്കാർ നിയമം ലംഘിച്ചു് വില കൂട്ടിവിറ്റു. കപടനായ മന്ത്രി കച്ചവടക്കാരോടു് പറഞ്ഞു. 'കന്നകിൽ ഞാൻ, അല്ലെങ്കിൽ നിങ്ങൾ'' കച്ചവടക്കാർ കൊള്ളരുതായ്മ ചെയ്തെന്നാണ് കേസ്. കഴിഞ്ഞ പന്ത്രണ്ടു വർഷം അവരെപ്പറ്റി ഈ ഒരു കേസില്ലായിരുന്നു. അവകന്നു കൊള്ളരുതായ മറ്റു കുറ്റങ്ങൾക്കുമില്ലായിരുന്നു. വില കൂട്ടി വിറ്റാൽ ആരും അറി വാങ്ങുകയില്ല. അതുകൊണ്ടവർ കഴിയുന്നതും കൂട്ടുക വില്ലു. ചക്കയുറാഴിയുണ്ടെങ്കിൽ ഇന്നവർ കൂട്ടിവിറ്റു. അവർ മാത്രമല്ല, കൃഷിക്കാരും നെല്ലു് നിശ്ചിത വിലയേക്കാൾ കൂടി വിറ്റിരിക്കുന്നു? 2 ക. 87 പൈസയാണ് ഒരു പറനെല്ലിനു് നിശ്ചിതവില. പറക്കു് 7 ക. 50 ന. പയ്യു് നെല്ലു് വിറ്റവരെ എനിക്കറിയാം. അപ്പോൾ കച്ചവടക്കാരു മാത്രമല്ല, കൃഷിക്കാരുമുള്ള നിയന്ത്രണത്തിൽ പെട്ട സാധനങ്ങൾ കൈവശമുള്ള എല്ലാവരും ഈ കൊള്ളരുതായ്മ ചെയ്തിട്ടുണ്ട്. സർക്കാരുത്തിൽ പോകാനുള്ള കച്ചവടക്കാർ കൂടുവടം ചെയ്യുന്നതു്. കാര്യമെന്താണ്? അതിനു് കിട്ടുന്ന സൗകര്യങ്ങളവർ ഉപയോഗിക്കും. ആരും അരിശപ്പെട്ടിട്ടു് കാര്യമില്ല. കൊള്ളരുതായ്മ കാണിക്കുന്ന കച്ചവടക്കാരോടൊപ്പം കൊള്ളരുതായ്മ കാണിക്കുവാൻ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്ന സർക്കാരാണൊ കുറ്റക്കാർ? മന്ത്രി കച്ചവടക്കാരെ വെട്ടാനെടുത്ത വാൾ വന്നു വീണതു് പൊതുജനങ്ങളുടെ നികുതിപ്പണമാണ് എന്നദ്ദേഹം മനസ്സിലാക്കുന്നില്ല:

100 കോടിരൂപ മൂലധനവുമായ ഗവ: വക ഫുഡ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. കോർപ്പറേഷന്റെ വിജയത്തിനും ഈ നിയന്ത്രണങ്ങളൊക്കെ വേണം എന്നാണ് മന്ത്രിയുടെപക്ഷം. അങ്ങനെ ഭക്ഷ്യധാന്യങ്ങളുടെ വിതരണം മുഴുവൻ സർക്കാരു് ഏറ്റെടുത്തിരിക്കുകയാണ്. കാര്യം കൂടുതൽ വഷളാകാൻ പോവുകയാണെന്നതു്.

എന്തിനു് വഷളാകുന്നു എന്നു്, അല്ലെ? അരിക്കച്ചവടം സർക്കാരിന്റെ കുത്തക (Monopoly) ആകുന്നതുകൊണ്ടന്നെ ഈ കച്ചവടത്തിനു് സർക്കാരിനു് കുത്തക കിട്ടിയേ കഴിയൂ. കുത്തക സർക്കാരിന്റേതായാലും വ്യക്തിയുടെതായാലും ഒരുപോലെ മോശമായിരിക്കും. ജനത്തിനതാപത്തുമാണു്. മൽസരവിപണിയില്ലെന്നുള്ളതാണതിനു് പ്രധാനകാരണം, മത്സരാഹാരണം പായം, നെല്ലു് വാങ്ങിനു് 22 ക. കു് കിട്ടിയിരുന്നപ്പോൾ മത്സരവിപണിയിൽ അരിക്കു് 44. ക. യായിരുന്നു. കയ്യുകൂലി, വാഹനച്ചിലവു് ഇതെല്ലാം കഴിച്ചിട്ടും വാങ്ങിനു് 44 ക. കു് എങ്ങിനെ വില്പനയൊ ഉള്ളു? ഇതൊരു ചോദ്യമാണ്. ഉത്തരം പറയാം. 2 പാനെല്ലിനു് കൃത്യം ഒരു പാ അരിയില്ല കിട്ടുക. സ്വല്പം കൂടിക്കിട്ടും. അങ്ങനെ ആയിക്കണക്കിനു് പാനെല്ലിന്മേൽ കിട്ടുന്ന കൂടുതലാണ് ചില്ലറ വിലവുകൂടക്കു് വകകൊള്ളിച്ചിരുന്നതു് മത്സരവിപണിയിലാകുമ്പോൾ കച്ചവടക്കാരതൊക്കെ നോക്കും. ഇന്നത്തെ കഥയെന്? 22 ക. ക്കാണിന്നും സർക്കാരു് നെല്ലെടുക്കുന്നതു്. അരിക്ക വില ചക്കിനു് 51 ക. കത്തകയല്ലെ? മത്സരിച്ച താത്തിത്തരാൻ ആരുമില്ല. കിട്ടുന്നിടത്തുനിന്നു് പറയുന്ന വിലക്കു് വാങ്ങിക്കുക.

ഇക്കൊല്ലം 31 ലക്ഷം ടൺ പഞ്ചസാര ഇന്ത്യയിൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്നാണ് സർക്കാർ കണക്കു്. ഇതിൽ 24 ലക്ഷം ടൺ മില്ലുകളിൽനിന്നു റിലീസ് ചെയ്യുന്നുണ്ടെങ്കിലും 21 ലക്ഷം ടൺ മാത്രമാണ് റേഷൻ ഷോപ്പുകൾ വഴി ഇന്നു വിതരണം ചെയ്യുന്നതു്. രണ്ടരലക്ഷം ടൺ മാത്രമേ വിദേശ വിപണിയിലേക്കു് പോകുന്നുള്ള. പിന്നേയും ബാക്കിയാണു് 7 ലക്ഷം ടൺ. സാധനം ഇഷ്ടംപോലെയുണ്ടു്. എന്നിട്ടു് പിന്നെ എന്തിനീ നിയന്ത്രണം.?

വേണ്ടിടത്തും വേണ്ടത്തിടത്തും നിയന്ത്രണങ്ങൾ വെച്ചു് വലിച്ചുമുറുക്കിക്കെട്ടി സോഷ്യലിസത്തിന്റെ ഡോസു് വർദ്ധിപ്പിക്കുവാനുള്ള ഈ പരിശ്രമമുണ്ടല്ലൊ, അതപകടമാണു്. മത്സരവിപണിയിലെ വില ഇടിയുകയുള്ളു. ഉല്പാദനം എവിടെയൊ അവിടംകൊണ്ടായിരിക്കണം വിതരണവും. രണ്ടും രണ്ടുകയ്യിലാകുന്നതു് എപ്പൊഴും അപകടമാണു്. ഇവിടെ ഉല്പാദനം കർഷകരുടെ കയ്യിലും വിതരണം സർക്കാരിന്റെ കയ്യിലുമായിരിക്കുകയാണു്. അതിന്റെ അപകടം നമ്മളിതാ കൂടുതൽ അനുഭവിക്കുവാൻ പോകയാണു്. സോഷ്യലിസത്തിന്റെ പേരിൽ സർക്കാരു് കാട്ടിക്കൂട്ടുന്ന വികൃതികൾക്കെതിരെ അതിരില്ലാതായിട്ടുണ്ടു്.

കേരളം കൊച്ച രാജ്യമുമാണു്. അതുകൊണ്ടു് കൃഷിക്ക മണ്ണു കുറവേയുള്ളു. ജനം കൂടുതലാണു്. അതുകൊണ്ടു് അരി കാവശ്യം അധികമുണ്ടു്. കേരളം കൈക്കമ്പിളുമായി കേന്ദ്രത്തിന്റെ കാരുണ്യപ്പിച്ചക്കിരിക്കുകയല്ല. ആരും കാജാരുതരണ്ട. കാത്തുതരാം. അരിതരണം. കേന്ദ്ര സർക്കാരിനിതിനു് ബാധ്യതയുണ്ടു്. അവകാശമാണു് ഞങ്ങൾ ചോദിക്കുന്നതു്. ഇതു് പിള്ളകളിയല്ല. വയറിന്റെ പ്രശ്നമാണു് 12 വർഷം യാതൊരു കഴപ്പവും ഇല്ലാതെ പോയ കാര്യം ഇങ്ങനെവഷളാക്കി. അതു തിരുത്തണം തിരുത്തിയേ പറ്റൂ. ആരുടെ വാശിക്കും വരുതിക്കും നിൽക്കാൻ ഞങ്ങൾക്കരുക്കമല്ല. ഭക്ഷ്യോപദേശകസമിതിയും രാജ്യനയനേതാക്കന്മാരും ഇതിനെപ്പറ്റി ഒന്നു് കൂടഞ്ഞു് പിന്തിക്കേണ്ട കാലം വൈകി. പ്രബലമായ ഇന്ത്യാ ഗവ:ന്റെ തീരുമാനത്തിനു് വാക്കൊ പൊത്തി കനിയുകയല്ല. നിവൃത്തിനിന്നു് കാര്യം പറയുകയാണു് നാവശ്യം. കാര്യം നമ്മുടേതാണു് നമ്മുടേതു മാത്രമാണു്. ഈ വസ്തുത മറക്കരുതു്.

....

മുസ്ളിംസർവീസ് സൊസൈറ്റി

[സ്വ ലേ] ചങ്ങനാശേരി, മെ 25

ചങ്ങനാശേരിയിലുള്ള മുസ്ളിം യുവജനങ്ങളുടെ ഒരു യോഗം മധുരവീട്ടിൽജനാബ് പി. എൻ സെയ്തുമുഹമ്മദിന്റെ വീട്ടിൽവെച്ചു് ഇന്നു കൂടുകയുണ്ടായി. യോഗത്തിൽ പി. കെ. എം ഹനീഫ് അദ്ധ്യക്ഷത വഹിച്ചു. സമുദായത്തിന്റെ ഉന്നമനത്തിനായി വേണ്ട കാര്യങ്ങളെപ്പറ്റി യോഗം ചർച്ചചെയ്തു. മുസ്ളിംസമുദായത്തിലുള്ള യുവജനങ്ങളുടെ ആത്മീയം, സാമൂഹ്യം, സാമ്പത്തികം, സാംസ്കാരികം മുതലായ രംഗങ്ങളിൽ അഭിവൃദ്ധിയുണ്ടാക്കുന്നതിനായി 'മുസ്ളിം സർവീസ് സൊസൈറ്റി ഓഫ് കേരള' എന്ന ഒരു സംഘടന രൂപീകരിച്ചു. പ്രസിഡന്റായി പി. കെ. എം ഹനീഫ് സെക്രട്ടറിമാരായി കെ. എ. ബാവ. [തോപ്പിൽ] പി. എസ് സെയ്തുമുഹമ്മദ് [മധുരവീട്ടിൽ] എന്നിവരെകൂടാതെ 25 പേരും അടങ്ങുന്ന ഒരു കമ്മറിയും രൂപീകരിച്ചു.

.....

കേഡിക്കു് 6 മാസം തടവു്

(സ്വ. ലേ) കണ്ണൂർ, മെ. 25

പല കേസുകളിലും പിടികിട്ടേണ്ടിയിരുന്ന ഇല്ലിക്കൽ ജേ.ജ്ജ് എന്ന ഒരു കപ്പാസിയ കേഡിയെ ഇരിക്കൂറിനടുത്ത അറബിമലയിൽവെച്ചു് പോലീസ് അറസ്റ്റ് ചെയ്യുകയും തളിപ്പറമ്പു് മജിസ്ട്രേട്ടു മുമ്പാകെ ഹാജരാക്കുകയും ചെയ്തു. പ്രതി കുറ്റം സമ്മതിക്കുകയാൽ 6 മാസത്തെ ശിക്ഷ വിധിക്കപ്പെട്ടു

.....

എൽ. ഐ. സി. എജന്റ്സ് യൂണിയൻ വാർഷികം ചങ്ങനാശ്ശേരിയിൽ

സ്വ. ലേ ചങ്ങനാശ്ശേരി, മെ. 24

കേരളാ ലൈഫ് ഇൻഷ്വറൻസ് ഏജൻസ് യൂണിയൻ കേന്ദ്രകമ്മറിയുടെ ഒരു യോഗം തിരുവനന്തപുരം യൂണിയൻ ആഫീസ്സിൽവെച്ചു് പ്രസിഡണ്ടു് എസ്. വാരദരാജൻനായരുടെ അദ്ധ്യക്ഷതയിൽ കൂടി. യൂണിയന്റെ 7_ാമതു വാർഷികം ചങ്ങനാശ്ശേരിയിൽവച്ചു് ഇല്ലൈ അവസാനം ആഘോഷിക്കുന്നതിനു് തീരുമാനിച്ചു. വാർഷികത്തിന്റെ നടത്തിപ്പിലേക്കു് ശ്രീ ജോസഫ് ഡിപോളസ്സൽ കൺവീനറായി ഒരു കമ്മറിയെ തെരഞ്ഞെടുത്തു. എൽ. ഐ. സി. തിരുവനന്തപുരം ഡിവിഷനിലുള്ള എല്ലാ യൂണിറുകളെയും ഈ വാർഷികത്തിൽ പങ്കെടുപ്പിക്കുന്നതിനും കേരളാ ലൈഫ് ഇൻഷ്വറൻസ് എജൻസ് യൂണിയനിൽപ്പെടാത്ത എജൻസ് യൂണിയനുകളേയും ഈ വാർഷികത്തിലേക്കു ക്ഷണിക്കുന്നതിനും തീരുമാനിച്ചു.

—

എം. ജി. എം. ട്രോഫി പാലുവായ് ടീം കരസ്ഥമാക്കി

കന്നംകുളം, മെയ് 25

കന്നംകുളം എം. ജി. എം. ട്രോഫിയ്ക്കുവേണ്ടി നടത്തിവന്നിരുന്ന ബോംബെ ഡൈമിൻറൺ (ഡബിൾസ്) ടൂർണ്ണമെന്റിൽ പേട്ടു് ക്ലബ്ബു് പാലുവായും സ്പിരിറ്റഡ് യൂത്ത്സ് ക്ലബ്ബു് മറവും തമ്മിൽ നടന്ന ഫൈനൽ മത്സരത്തിൽ ട്രോഫി പേട്ടു് ക്ലബും റണ്ണേഴ്സിനുള്ള ട്രോഫി മറവം സ്പിരിറ്റഡ് യൂത്ത്സ് ക്ലബും നേടിയിരിക്കുന്നു. മറവം സ്പിരിറ്റഡ് യൂത്ത്സ് ക്ലബ്ബിൽ വഗ്ഗീസും പോളും പേട്ടിൽ ക്ലബ്ബിൽ ബാലീതുമാണു് കളിച്ചിരുന്നതു്.

.....

ആക്ഷേപങ്ങളും ആവശ്യങ്ങളും

ആലപ്പുഴ ജില്ലാ ഫുഡ് സപ്ലൈ ആഫിസറുടെ ശ്രദ്ധയ്ക്കു്

കുട്ടനാടുനിവാസികളുടെ ദേശീയാഘോഷമായ പായ്ക്കളം മൂലം വള്ളംകളി ജൂൺ 14_ാം൹യാണു് നടക്കുന്നതു്. കുട്ടനാട്ടിലെ എല്ലാ മതവിഭാഗത്തിൽപ്പെട്ടവരുടെയും കൊഴുപ്പിനാണിതു്. വർദ്ധമാനമായിരിക്കുന്ന ക്ഷേത്രോത്സവംമൂലം അത്യന്തം സന്തോഷപ്രദമായ ഈയവസരം ഏതുരീതിയിൽ സംഘടിപ്പിച്ചാലാണു് ആഘോഷിക്കുവാൻ സാധിക്കുമെന്നുള്ള ജനങ്ങളുടെ പ്രകടിപ്പിക്കുകയാണു്. കൂടിയ വിലയ്ക്കുപോലും മാർക്കറ്റിൽനിന്നു് അരിയും നെല്ലും ലഭിയ്ക്കുവാൻ പ്രയാസകരമായ ഒരു പരിസ്ഥിതിയാണു് കാണുന്നതു്.

ആയതിനാൽ മൂലം വള്ളംകളി നടത്തുന്ന അയ്യായിരത്തിലധികം ഇന്നു ലഭിക്കുന്ന റേഷൻ അളവിന്റെ ഈ ടി കൂടുതൽ കൂട്ടുന്നതിനും കൂടുതൽ കൂടുതൽ വിതരണം ചെയ്യുന്നതിനും സഹായകമായ നടപടികൾ സ്വീകരിക്കുന്നതു് ഉചിതമായിരിക്കും.

കൂടാതെ വിദേശിയരായ കാഴ്ചക്കാരും ഈ വള്ളംകളി കാണുവാൻ വരുന്നുണ്ടു്. പഞ്ചസാര ടൈറ്റ്ലിമിറ്റ് നിമിത്തം ജനങ്ങൾക്കും പൊതുവിൽ ചായക്കടക്കാരും കാപ്പിക്കാരായിയെന്നുള്ള അധികാരികളെ വേണ്ടവിധത്തിൽ സമ്മതിപ്പിക്കുന്നതിനും വൈഷമ്യമുണ്ടു്. അതുകൊണ്ടു് പഞ്ചസാരയുടെ അളവു് സ്പെഷ്യൽ ആയിട്ടെങ്കിലും വർദ്ധിപ്പിക്കുവാനും ഏറ്റവും അഭ്യാവശ്യമാണു്.

ജോസഫ് പൂത്താപ്പള്ളം. [ജൂനിയർ]

തൃശ്ശൂർ_പറപ്പൂർ റോഡ്

തൃശ്ശൂർ ജില്ലയിലെ സിമാനും അപ്രധാനമല്ലാത്ത ഒന്നാണു് തൃശ്ശൂർ_പാപ്പൂർ ലൈൻ നിരവധി ബസ്സും, കാറും, ലോറി തുടങ്ങിയ വാഹനങ്ങളും ഈ വഴിക്കു് ഇടതടവില്ലാതെ ഓടുന്നുണ്ടു്. ധാരാളം യാത്രക്കാർ ഈ വഴിക്കു് നിത്യവും തൃശ്ശൂർ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കും ഈ ലൈനിലൂടെ നിത്യവും യാത്രചെയ്യുന്നുമുണ്ടു്.


എന്നാൽ റോഡിന്റെ നില വല്ലാതെ പരുങ്ങലിലാണു്. വഴി തീരെ വീതികുറവാണു്. മെറ്റൽ വിരിക്കാത്തതുകൊണ്ടു് അവിടവിടെ മുഴുവൻ മരണക്കുഴികളും.

മഴക്കാലം തുടങ്ങുകയായി. ഇനി ഈ ലൈനിലൂടെ ഇൻഷൂർ ചെയ്യാത്ത വർ യാത്രയ്ക്കു് മടിക്കും.

ഈ റോഡ് ഉടനെ ഒന്നു് മെറ്റൽ വിരിച്ചെങ്കിലും നന്നാക്കാൻ അധികൃതർ തയ്യാറാകുമോ?

പാപ്പൂർ നാട്ടുകാരൻ

....



എക്സ്പ്രസ്സ് പത്രത്തിന്റെ ജനറൽ മാനേജർ കെ. ബാ

ഉന്നതപഠനത്തിന് നെഹ്റു അക്കാഡമിയും ബാലഭവനങ്ങളും ഏർപ്പെടുത്തും

കർമ്മനിരതനായ നെഹ്റുവിന്റെ ചരമദിനം പ്രവൃത്തിദിവസമായിരിക്കുമെന്ന് — ഡൽഹിയിൽ ബഹുമുഖമായ പരിപാടികൾ

ന്യൂഡൽഹി, മേയ് 25

ജവഹർലാൽനെഹ്റുവിന്റെ ഒന്നാം ചരമവാർഷികമായ മേയ് 27നു ഇന്ത്യയ്ക്ക് ശ്രീ. നെഹ്റു വിഭാവനംചെയ്ത ഭാവിയും അദ്ദേഹം രാജ്യത്തിന്റെ മുമ്പാകെ വെച്ച ലക്ഷ്യങ്ങളും അദ്ദേഹത്തിന് പ്രിയംകരമായിരുന്ന ആദർശങ്ങളും അനുസ്മരിക്കാൻ ജവഹർലാൽ നെഹ്റു സ്മാരകനിധിയ്ക്കുള്ള ദേശീയ സമിതി ജനങ്ങളെ ആഹ്വാനം ചെയ്തിരിക്കുന്നു.

കർമ്മനിരതനായ ജവഹർലാൽനെഹ്റുവിന്റെ സ്വഭാവത്തിന്റെ ഒരവിഭാജ്യഘടകമായിരുന്നതുകൊണ്ട് മേയ് 27ഒരു പ്രവൃത്തിദിവസമാക്കിയിരിക്കുകയാണ്. സ്മാരകനിധിയിലേക്ക് സംഭാവനകൾ നല്കാൻ ആഗ്രഹിക്കുന്നവർക്ക് തങ്ങളുടെ അന്നത്തെ വേതനം അതിലേക്ക് നീക്കിവെക്കാവുന്നതാണ്. നെഹ്റു അക്കാഡമി എന്ന പേരിൽ ഒരു ഉന്നത പഠന ഇൻസ്റ്റിട്യൂട്ടും വിവിധ സംസ്ഥാനങ്ങളിൽ നിരവധി മാതൃകാ ബാലഭവനങ്ങളും ഏർപ്പെടുത്താൻ ഈ നിധി ഉപയോഗപ്പെടുത്തുന്നതായിരിക്കും.

തലസ്ഥാനനഗരിയിൽ ചരമവാർഷികം സംബന്ധിച്ച നടക്കുന്ന പരിപാടികളുടെ ഭാഗമായി മേയ് 27-ാംനു സുപ്രസിദ്ധ ഗായികയായ ശ്രീമതി എം. എസ്. സുബ്ബലക്ഷ്മി രാവിലെ 5 30മുതൽ 6-30 വരെ തീൻമൂർത്തി ഭവനിൽ ഗാനാലാപനം നടത്തുന്നതാണ്. ആ ൾ ഇന്ത്യ റേഡിയോ ഈ പരിപാടി റിലേ ചെയ്യും.

സോഷ്യലിസം, ജനാധിപത്യം, മതേതരത്വം എന്നിവ സംബന്ധിച്ച് ഒരു സിമ്പോസിയമാണ് മറ്റൊരു പരിപാടി. വൈകുന്നേരം അഞ്ചുമണിക്ക വിദ്യാഭ്യാസമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന ഈ സിമ്പോസിയത്തിൽ

WANTED a fully qualified S. S. L. C. and T. T. C. hand within prescribed age limits for appointment under the management of West L. P. School, Koolimuttam as L. P. Asst. in a permanent vacancy in the scale of Rs 40–120 Retired qualified hands below 59 may also apply. Apply within ten days by registered post to the Manager with a copy to the A. E. O. Cranganore.
24_5_65
Koolimuttam

Members Voluntary Winding up-

The Liberal Bank Ltd., (In liquidation)

Parathode P. O., Kanjirapally.

(Companies Act, 1956)

Name of the Company:- The Liberal Bank Ltd. (In voluntary Liquidation)
Name of Liquidator:- Sri Thomas Jacob.
Address of Liquidator:-Kollamkulam, Parathode P. O., Kanjirapally.
Date of commencement of winding up:- 17-12-1964

NOTICE TO CREDITOR TO PROVE HIS DEBT.

I, Thomas Jacob, the Liquidator of the said company do hereby require you to submit proof of your debt or claim against the said company by delivering to me at the above address on or before fifteenth day of June 1965 or by sending to me at the above address by post so as to reach me not later than the said date, your affidavit of proof in the prescribed form with your name address and particulars of claim and any title to priority you may claim under Section 53[?]. If you fail to submit your affidavit of proof within the time limited as aforesaid you will be excluded from the benefit of any distribution of dividend before your debt is admitted or as the case may be from objecting to such distribution.

If so required by notice in writing from me you should attend upon the investigation of your debt or claim at such time and place as shall be specified in the notice and produce such evidence of your debt or claim as may be required.

(Sd)
LIQUIDATOR.

w. 17/63

Office of the Assistant Engineer
P. W. D. Electrical wing. Alwaye
Dated: 21_5 1965.

SHORT TENDER NOTICE

Tenders [in separate sealed covers] are invited by the Assistand Engineer, Electrical wing, Alwaye for the following works to reach his office on or before 11 A. M on 5-6-1965 from licenced Electrical contractors.

Sl. No.	Name of work	P. A. C. Rs.	E. M. D. Rs.	Time of completion.	Cost of tender documents Rs.
1.	Electrification of the Building constructed (2). Shaped blocks) for Govt. Training Gollege, Trichur.	5366/-	151/-	3 weeks.	2.06

[1] countersigned chalan if necessary can be had from this office during working hours. (2) Tender documents will be sold from 1-6-1965 to 4-6 1965 (3) Tenders will be opened at 11-30 A. M. on 5-6-1965 (4) Details regarding the works can be ascertained from the office of the Junior Engineer Electrical wing, P. W. D. Trichur or from this office during office hours.

Conditions of contract are the same on those current in this department.

(Sd)
T. L. RAPPAI.
Assistant Engineer.

Short Tender Notice

Sealed tenders are invited from approved contractors for the work shown below.

Sl. No.	Name of work	P. A. C. & Date at or before 3 P. M.		E.M.	Cost of tender documents per set.
1.	Maintenance of G T. I. R V. Puram for 65_66	2825/-	31_5_65	Rs. 57/-	Rs. 2 + S. T.
2.	Do H S. Peringottukara for 65-66	4031/-	do	Rs 81/-	do.
3.	Do H. S Thanabor for 65-66	4548/-	do	Rs. 92/-	do.
4.	Do N. H. 47 A. Kunnamkulam road for 65-66 cutting bore	9946/-	5-6-65	200/-	Rs. 2 + S. T.

Time of completion; 2 months.
The sale of tender documents will be closed at 12 Noon on the previous working day of tender.

Office of the Asst. Engineer
B & R Trichur dt 18_5_65.

K. Narayanankutty Menon
Assistant Engineer
B & R Trichur

അക്രമികളുടെ നേരെയുള്ള ഗവ: നയം

എം. എൻ. ഗോവിന്ദൻ നായരുടെ വിമർശനം

[പി. ടി. ഐ] ആലപ്പുഴ, മേ. 26

ചൈനയോടും പാക്കിസ്ഥാനോടും ധീരമായ ഒരു നിലപാട് എടുക്കാത്ത ഇന്ത്യാഗവണ്മെണ്ടിന്റെ നയത്തെ വലതുപക്ഷ കമ്മ്യൂ: പാർട്ടി നേതാവായ ശ്രീ. എം. എൻ. ഗോവിന്ദൻനായർ വിമർശിച്ചിരിക്കുന്നു.

ഇന്ത്യയുടെ നേരെ പാക്കിസ്ഥാനും ചൈനയും നടത്തിയ ആക്രമണം സംബന്ധിച്ച ഇടതുപക്ഷ കമ്മ്യൂ. നേതാവായ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ അഭിപ്രായത്തോട് മി. എം. എൻ. വിയോജിപ്പ് പ്രകടിപ്പിച്ചു. അക്രമികളെ ആദ്യമായി അവർ കയ്യടക്കിവെച്ചിരിക്കുന്ന സ്ഥലങ്ങളിൽനിന്നും പുറത്താക്കണം. പിന്നീട് മാത്രമെ കൂടിയാലോചനയുടെ പ്രശ്നം, ഉത്ഭവിക്കുന്നുള്ളുവെന്നും മി. എം. എൻ. പറഞ്ഞു.

....o....

ബാഡ്മിൻറൻ ടൂർണ്ണമെൻറ് സമാപിച്ചു

(സ്വ. ലേ) മൂർക്കനാട്ട്, മേ 24

മൂർക്കനാട്ട്. കേരള അത്തലററിക് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്നുവന്നിരുന്ന ബോൾ ബാഡ്മിൻറൻ ടൂർണ്ണമെൻറ് സമാപിച്ചിരിക്കുന്നു. ഇതുസംബന്ധിച്ച് ചേർന്ന സമ്മേളനത്തിൽ എ. എ. കുഞ്ഞിപ്പാവ (ഇരിങ്ങാലക്കുട ബി. ഡി. ഒ) ആദ്ധ്യക്ഷംവഹിച്ചു. പൊറത്തിശ്ശേരി പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ടി. പി. സുബ്ബരാമൻ പ്രസംഗിച്ചു.

ഡബ്ബിൾസ് മത്സരത്തിൽ ഒന്നാം സമ്മാനാർഹമായ കണ്ടേശ്വരം പാക്ക് ക്ലബ്ബിന് കെ. വി. അന്തപ്പൻ (ചെമ്മണ്ട) ആൻറ് എം. എം. അബ്ദുൾഖാദർ (കാട്ടൂർ) നൽകിയ കപ്പം രണ്ടാം സമ്മാനാർഹമായ കെ. വൈ. എം. സി. ഇരിങ്ങാലക്കുടക്ക് പൊറത്തിശ്ശേരി പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ടി. പി. സുബ്ബരാമൻ നൽകിയ കപ്പം സിങ്കിൾസ് മത്സരത്തിൽ ഒന്നാംസമ്മാനാർഹമായ കെ. വൈ. എം. സി. ഇരിങ്ങാലക്കുടക്ക് മൂർക്കനാട്ട് പള്ളി വികാരി ഫാ: റാഫേൽ ചിറ്റിലപ്പിള്ളിയുടെ കപ്പം രണ്ടാംസമ്മാനാർഹമായ ഫ്രൻസ് ടീം അവിട്ടത്തൂരിന് ക്ലബ്ബ് കപ്പം സമ്മാനിക്കുകയുണ്ടായി.

കണ്ടേശ്വരം ടീം കളിക്കാരായ എൻ. വിശ്വനാഥന് പി. എൽ ചുമ്മാരിന്റെ ഒരു കപ്പം പി. വി. അയ്യപ്പന് ക്ലബ്ബ് വക ഒരു കപ്പം ലഭിക്കുകയുണ്ടായി.

യോഗത്തിൽ ക്ലബ്ബ് പ്രസിഡണ്ട് പി. യു. ജോസ് മാസ്റ്റർ സ്വാഗതവും ജനറൽ കേപ്റ്റൻ എം. എ വക്കി മാസ്റ്റർ നന്ദിയും പറഞ്ഞു.

....

ശാസ്ത്രിയുടെ കേനഡാ സന്ദർശനം

പി ടി. ഐ. ന്യൂഡൽഹി, മേ 26

മുൻ പരിപാടിവിട്ട് ഒരുദിവസം മുമ്പ് പ്രധാനമന്ത്രി മി. ശാസ്ത്രി കനഡാ സന്ദർശനത്തിന്ന് പുറപ്പെടുന്നതാണ്. ജൂൺ 10-ാംതിയതി അദ്ദേഹം ഒട്ടാവയിലെത്തും. കേനഡാസന്ദർശനത്തിനു ശേഷം അദ്ദേഹം ജൂൺ 15-ാംതിയതി കോമൺവെൽത്ത് പ്രധാനമന്ത്രിമാരുടെ സമ്മേളനത്തിൽ സംബന്ധിക്കുവാൻ ലണ്ടനിലെത്തും.

ജൂൺ 8-ാംതിയതി ന്യൂഡൽഹിയിൽ നിന്നുപുറപ്പെടുന്ന മി. ശാസ്ത്രി നാസ്സറുമായി കൂടിക്കാഴ്ച നടത്തുന്നതിന്നായി ഒരുദിവസം കെയ്റോവിൽ താമസിക്കുന്നതായിരിക്കും.

— o —

പ്രൊഫസർ കെ.എൻ.രാജ്, പ്രൊ:കെ. ടി.ചാണ്ടി, ഡോ: എ. എസ്. അയ്യബ് എന്നിവർ പങ്കെടുക്കും.

വൈകുന്നേരം 7_30 മുതൽ 11_30 വരെ നടക്കുന്ന സംഗീതപരിപാടിയിൽ അലി അക്ബർഖാൻ, രവിശങ്കർ, നാരായണസ്വാമി, വിലായത്തുഖാൻ എന്നിവരുൾപ്പെടെ ഒന്നാംകിട വാദ്യസംഗീത വിദഗ്ദ്ധന്മാർ പങ്കെടുക്കും. സംഗീതപരിപാടി നടന്നുകൊണ്ടിരിക്കെ തന്നെ ആളുകൾ നെഹ്റു സമാധിക്കപുറം നടന്ന പരേതനായ നേതാവിന് ആദരാഞ്ജലികൾ അർപ്പിക്കുന്നതാണ്. സംഗീതപരിപാടി ആൾ ഇന്ത്യാ റേഡിയോയുടെ ഡൽഹി 'ബി' നിലയം പൂർണ്ണമായി റിലേചെയ്യുന്നതാണ്. 10_30 മുതൽ 11_30 വരെയുള്ള പരിപാടി എല്ലാ നിലയങ്ങളും റിലേചെയ്യും.

അന്നേദിവസം വൈകുന്നേരം 6_30 ന് രാമലീലാ ഗ്രൗണ്ടിൽ ഒരു പൊതുയോഗം നടക്കുന്നതും പ്രധാനമന്ത്രി ജവഹർജ്യോതി ഏററുവാങ്ങുന്നതുമാണ്.

മാർക്കററ്

മെയ് 25
തൃശ്ശൂർ

വെളിച്ചെണ്ണ	(ക്വിൻറലിന്)	386_50
പിണ്ണാക്ക്	,,	61_00
കുരുമുളക്	,,	370_00
കശുവണ്ടി	,,	75_50
കൊപ്ര	,,	260_00

റഷ്യ കപ്പലുകൾ മോഷ്ടിച്ചു

അൽബേനിയയുടെ ആരോപണം

വിയന്ന, മേ. 25

അൽബേനിയക്കാരുടെ വക എട്ട് അന്തർവാഹിനികളും മററനവധി കപ്പലുകളും റഷ്യ മോഷ്ടിച്ചുകൊണ്ടുപോയതായി അൽബേനിയൻ കമ്യൂ.പാർട്ടി മുഖപത്രം ഇന്ന് ആരോപണം നടത്തിയിരിക്കുന്നു.

സെബാസ്റ്റപ്പൂളിലുള്ള സോവിയററ് തുറമുഖത്തിൽ അററകുററപ്പണിയിലിരുന്നപ്പോഴാണ് ഇവയെ തട്ടിക്കൊണ്ടുപോയതെന്ന് പത്രം പ്രസ്താവിച്ചു കൂടുതൽ വിവരങ്ങളൊന്നും പത്രത്തിലില്ല.

—

എലിക്കുഞ്ഞിനെ തള്ള പൂച്ച മുലപ്പാൽ കൊടുത്തു വളർത്തുന്നു

മേട്ടുപ്പളയം, മേ. 22

എലിയും പൂച്ചയും ബദ്ധവൈരികളാണെന്നാണല്ലോ നാം പഠിച്ചിട്ടുള്ളത്. പക്ഷെ അതിന്നൊരപവാദം താരാപുരത്തുനിന്നു റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

താരാപുരത്തെ ഒരു കൃഷകനായ വേൽസ്വാമി കൗണ്ടരുടെ തോട്ടത്തിൽ ഈയിടെ ഒരു പൂച്ച പ്രസവിച്ചു അവിടെതന്നെ ഒരു വെള്ളഎലിയും പ്രസവിച്ചിരുന്നു. എലിയുടെ മാളത്തിൽനിന്നു കണ്ണുതുറന്നിട്ടില്ലാത്ത ഒരു കുഞ്ഞ് എങ്ങിനെയോ പുറത്തുവന്നു. ഇത് പൂച്ചയുടെ ദൃഷ്ടിയിൽപെട്ടു. പൂച്ചഅതിനെകടിച്ചുകൊണ്ടുവന്നു തന്റെ കുഞ്ഞുങ്ങളോടൊപ്പം പാലൂട്ടിവന്നു. എലിക്കുഞ്ഞ് ഇപ്പോൾ കണ്ണുതുറന്നു തന്റെ പൂച്ചസഹോദരങ്ങളോടൊപ്പം തുള്ളിച്ചാടി കളിച്ചുവളരുന്നു. എന്നിരുന്നിനെ ആരെങ്കിലുംതൊട്ടാൽ പൂച്ച മുരമുരക്കും. ഈ അത്ഭുതം ധാരാളം ആളുകളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. സ്വ ലേ

ഉപരാഷ്ട്രപതി മെക്കയിലേക്ക്

റോയിട്ടർ റിയാദ്, മേ. 26

ഉപരാഷ്ട്രപതി ഡോ. സക്കീർഹുസൈൻ ഇന്നലെ ജെദ്ദയിലേയ്ക്കുപോയി അവിടെനിന്നും അദ്ദേഹം പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതിന്നായി മെക്കയിലേക്കും മെഡീനയിലേക്കുംപോകും. റിയാദിലെ സന്ദർശനം സമാപിപ്പിക്കുന്നതിനുമുമ്പ് അദ്ദേഹം ഫെയ്സൽ രാജാവിനെ സന്ദർശിച്ചു.

കോളറാമൂലം 50 പേർ മൃതിയടഞ്ഞു

(റോയിട്ടർ) കറാച്ചി, മേയ് 25

ചുഴലിക്കാററു ബാധിച്ച പൂർവ്വപാകിസ്ഥാനിലെ ഫെനാലി ജില്ലയിൽ കോളറാമൂലം ചുരുങ്ങിയത് 50പേർ മൃതിയടഞ്ഞിരിക്കുന്നതായി 'പാകിസ്ഥാൻ ഒബ്സർവർ' റിപ്പോർട്ടുചെയ്യുന്നു.

ഈ തീരപ്രദേശ ജില്ലയുടെ പല ഭാഗങ്ങളിൽ കോളറയും മററു രോഗങ്ങളും പടർന്നുപിടിച്ചുവരുന്നുണ്ട്.

ഫാ: പാനിലത്തിനു യാത്രയയപ്പ്

ഇരിങ്ങാലക്കുട, മെയ് 26

മാപ്രാണം പള്ളിവികാരിയായ റവ: ഫാ: ജോസഫ് പാനിലത്തെ മുട്ടിക്കൽ പള്ളിയിലേക്ക മാററിയിരിക്കുന്നു. ഇതുപ്രമാണിച്ച സൊഡാലററി തുടങ്ങിയ സംഘടനകളുടെ ആഭിമുഖ്യത്തിൽ അദ്ദേഹത്തിനു സമുചിതമായ ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു.

(സ്വ. ലേ)

മരിയാസഖ്യവാർഷികം

സ്വ. ലേ ഇരിങ്ങാലക്കുട, മെ. 26

ഫൊറോനാപള്ളിയിലെ മരിയാസഖ്യത്തിന്റെ വാർഷികം റവ: ഫാദർ ജോർജ്ജ് ചിററിലപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടിയിരിക്കുന്നു പോൾ പെരവുത്തൂർ തുടങ്ങിയവർ പ്രസംഗിച്ചു 'അക്ഷയപാത്രം' എന്ന നാടകം തുടങ്ങിയകലാപരിപാടികളുമുണ്ടായിരുന്നു.

....

ചുമട്ടുതൊഴിലാളി യൂണിയൻ

[സ്വ ലേ] ഇരിങ്ങാലക്കട, മേ 26

ചുമട്ടുതൊഴിലാളികളുടെ ഒരു യോഗം വി. സംഗമേശ്വരന്റെ അദ്ധ്യക്ഷതയിൽ കൂടി, സി. എൽ. ഫർണാണ്ടസ് പ്രസിഡണ്ടായി ഒരു യൂനിയൻ രൂപീകരിച്ചിരിക്കുന്നു.

....

നൈസാമിന്റെ രത്നങ്ങളുടെ കണക്കെടുക്കുന്നു

ഹൈദ്രാബാദ്, മേയ് 25

ഹൈദ്രാബാദ് നൈസാം തന്റെ പക്കലുള്ള രത്നങ്ങളുടെ കണക്കെടുക്കാൻ ആജ്ഞാപിച്ചിരിക്കുന്നു. ഒന്നരക്കോടി രൂപാ വിലയുള്ള ഒരു രത്നം ഇയിടെ മോഷണം പോയതിനെ തുടർന്നാണ് ഈ നടപടി ഈ രത്നം പിന്നീട് പോലീസ് കണ്ടെടുക്കുകയുണ്ടായ നൈസാം ട്രസ്റ്റിന്റെ കീഴിലുള്ള ഒരു പ്രത്യേക കമ്മററിയായിരിക്കും രത്നങ്ങളുടെ കണക്കെടുപ്പു നടത്തുന്നത്. ലോകപ്രസിദ്ധമായ കോഹിനൂർ രത്നത്തോടു സാമ്യം വഹിക്കുന്ന രത്നങ്ങൾ നൈസാമിന്റെ പക്കലുണ്ട്.

ബ്രിട്ടനിലെ എലിസബത്ത് രാജ്ഞിയുടെ വിവാഹത്തിന് നൈസാം സംഭാവനചെയ്ത ഒരു രത്നം ഇപ്പോഴും രാജ്ഞിയുടെ കിരീടത്തെ അലങ്കരിക്കുന്നുണ്ട്. [കേ. പ്ര]

—

കോൺ. സെമിനാർ

ആലപ്പുഴ മെയ് 25

ആലപ്പുഴ ജില്ലാ കോൺ. സെമിനാർ കഴിഞ്ഞദിവസങ്ങളിൽ ഇവിടെ വെച്ചു നടത്തപ്പെട്ടിരിക്കുന്നു. 11കോൺ. മണ്ഡലങ്ങളിൽ നിന്ന് 100ൽപരം പ്രവർത്തകർ സംബന്ധിച്ചു.

ആർ. ശങ്കരൻ, കെ കെ. വിശ്വനാഥൻ, ബി. കെ. നായർ, കെ. എം. ചാണ്ടി, സി. എം. സ്റ്റീഫൻ എന്നിവർ ചർച്ചകൾക്കു മററും നേതൃത്വം നൽകി.

....

നെഹ്റു സ്മാരകനിധി

എറണാകുളം ജില്ലയിൽ നിന്ന് 8 ലക്ഷം രൂപ പിരിച്ചെടുക്കും

[പി ടി ഐ] എറണാകുളം, മേ 26

നെഹ്റു സ്മാരകനിധിയിലേക്ക് എറണാകുളം ജില്ലയിൽ നിന്നും 8 ലക്ഷം രൂപ പിരിച്ചെടുക്കാൻ തീരുമാനിച്ചിരിക്കുന്നതായി ഔദ്യോഗിക പത്രക്കുറിപ്പിൽ പറഞ്ഞു.

പിരിവിനുവേണ്ടി താലൂക്ക് കമ്മററികളും ബ്ലോക്ക് കമ്മററികളും രൂപീകരിച്ചിട്ടുണ്ട്.

—

കോട്ടയത്തെ തീവണ്ടിഅപകടം

കോട്ടയം, മെ. 25

കോട്ടയം പട്ടണത്തിലും സമീപപ്രദേശങ്ങളിലും വളരെയേറെ ഉൽക്കണ്ഠയുണ്ടാക്കിയ ഒരു ട്രെയിൽ അപകടം ഇന്നു പിങ്ങവനത്തിനും കോട്ടയത്തിനും ഇടക്കുവെച്ചുണ്ടായി. ഇന്നുരാവിലെ 11_20_നാണ് സംഭ്രമജനകമായ ഒരു അടിയന്തര ടെലഫോൺ സന്ദേശംകൊല്ലം കൺട്രോൾ ഓഫീസിൽനിന്നു കോട്ടയം റെയിൽവെസ്റ്റേഷനിൽ കിട്ടിയത് കൊല്ലത്തുനിന്നു രാവിലെ 8_10_നു പുറപ്പെട്ട തീവണ്ടി ചിങ്ങവനത്തിനും കോട്ടയത്തിനും ഇടക്കുവെച്ചു മറിഞ്ഞിരിക്കുന്നു അടിയന്തിര നടപടികൾ ഉടൻ സ്വീകരിക്കുക. അത്യന്തം വേദനാജനകമായ ആ ദുഃഖവാർത്ത ഞെട്ടലോടെയാണെങ്കിലും സ്റ്റേഷൻമാസ്റ്റർ സഹപ്രവർത്തകരെ അറിയിച്ചു. പെട്ടെന്നു് അലാറംബെൽ മുഴക്കി. റെയിൽവേസ്റ്റേഷനിലെ നൂറിൽപ്പരം ജോലിക്കാർ ഓടിക്കൂടി. അപകട ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിലേയ്ക്കു സൂക്ഷിച്ചിട്ടുള്ള എൻജിൽ പുറപ്പെടാൻ തയ്യാറായി. അപകടവിവരം നിമിഷനേരംകൊണ്ടു പോലീസ് സ്റ്റേഷനുകൾ പത്രമാഫീസുകൾ ആശുപത്രി എന്നിവിടങ്ങളിൽ അറിയിച്ചു. ഡി. എസ്. പി. യുടെ നേതൃത്വത്തിൽ ഒരു സംഘം പോലീസ് ചിങ്ങവനത്തേയ്ക്കു് ഇരമ്പിപ്പാഞ്ഞു, റെയിൽവേഡോക്ടറും റെയിൽവേപോലീസും തയ്യാറായി. മെഡിക്കൻ കോളേജാശുപത്രിയിലെ ഫോൺ എൻഗേജ്ഡ് ആയിരുന്നതുകൊണ്ടു കൂടുതൽ ഡോക്ടർമാരെ സമ്പാദിക്കുന്നതിനുമാത്രം ഉടനെ കഴിഞ്ഞില്ല,

'എവിടെയാണു് ട്രെയിൽ മറിഞ്ഞത്?' ആദ്യം കണ്ടറെയിൽവേജീവനക്കാരനോട് അദ്ദേഹം ആരാഞ്ഞപ്പോൾ അയാൾ അത്ഭുതത്തോടെ തുറിച്ചുനോക്കിയിട്ട് ആശ്ചര്യപൂർവ്വം ചോദിച്ചു 'ട്രെയിൽ മറിഞ്ഞെന്നോ? അടുത്തനിമിഷത്തിൽ പത്രപ്രതിനിധികൾ സ്റ്റേഷൻമാസ്റ്ററുടെ മുറിയിലേയ്ക്കു് ഓടിക്കയറി.

'സർ ആക്സിഡൻറ്സ്പോട്ടിലേയ്ക്കു എത്തുമോ?' 'ആക്സിഡൻറോ?' പരിഭ്രമത്തോടെ ഇങ്ങോട്ടുചോദിച്ചുകൊണ്ടു് കോട്ടയംസ്റ്റേനുമായി അദ്ദേഹം ബന്ധപ്പെട്ടതി ഇതുയുമായപ്പോഴേക്കും മൂന്ന വാൻ നിറയെ റിസർവ്വുപോലീസ് പാർട്ടി സ്ഥലത്തെത്തി. അപകടവാർത്തകേട്ടറിഞ്ഞ് ഓടിക്കൂടിയവരെക്കൊണ്ടു് സ്റ്റേഷൻപരിസരം നിറഞ്ഞു. എല്ലാവരും ടെലിഫോണിൽ കണ്ണുംനട്ട് നിർന്നിമേഷരായി നിൽക്കുമ്പോൾ ഫോൺശബ്ദിച്ച ഫോൺ അറ്റൻഡുചെയ്തിട്ട ഊറിച്ചിരിച്ചുകൊണ്ടു് സ്റ്റേഷൻമാസ്റ്റർ പറഞ്ഞ 'അപകടമൊന്നും ഉണ്ടായിട്ടില്ല. അതൊരു ആക്സിഡണ്ട് റിഹേഴ്സൽ ആയിരുന്നു.

[ട്രെയിൻ അപകടം ഉണ്ടായാൽ റെയിൽവേജീവനക്കാർ അതിനെ നേരിടുന്നവിധം പരിശോധിക്കാനാണ് ആക്സിഡൻറ് റിഹേഴ്സൽനടത്തുന്നതു്.)

....

കത്തോലിക്കാകോൺഗ്രസ് യോഗം

ആളൂർ, മേ. 25

തൃശ്ശൂർ രൂപതാ കാത്തലിക് കോൺഗ്രസ്സിന്റെ ഒരു പ്രത്യേകയോഗം സ്ഥലം ബെററർ ലൈഫ് സെൻററിൽവച്ച് ഫാ. ജോസ് അക്കരക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടി. അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ പുതിയ പ്രസിഡണ്ടായി തിരഞ്ഞെടുത്തിട്ടുള്ള ഷെവലിയാർ ജോസഫ് വിതയത്തിലിനെ അനുമോദിക്കുന്ന ഒരു പ്രമേയോഗം ഹർഷാരവത്തോടെ പാസ്സാക്കി. ഫ്രാൻസിസ് അക്കര, ലോനപ്പൻ നമ്പാടൻ എന്നിവർ പ്രസംഗിച്ചു. ഫാ. ജി. സി. വാഴൂരും, ജെയിംസ് കെ. സി. മണിമലയും യോഗത്തിൽ സംബന്ധിക്കുകയും ചർച്ചയിൽ പങ്കെടുക്കുകയുമുണ്ടായി. രൂപതാകൺവെൻഷൻ കാണക്കാലത്തു് വിവിധ പരിപാടികളോടെ നടത്തുവാനും യോഗം തീരുമാനിച്ചു.

....

തൃശ്ശൂർജില്ലയിലെ മൃഗസംരക്ഷണം

8 ലക്ഷംരൂപ ചിലവഴിച്ചു

തൃശ്ശൂർ, മെ. 26

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തൃശ്ശൂർജില്ലയിൽ മൃഗസംരക്ഷണപ്രവർത്തനങ്ങൾക്കുവേണ്ടി, 8,17,833 രൂപാ ചിലവഴിക്കുകയുണ്ടായി.അതിൽ 2,68,256 രൂപയും കഴിഞ്ഞ മാർച്ചുമാസത്തിലാണ് ചിലവഴിച്ചതു്.

—

കോൺസ്റ്റബിൾമാരുടെ തെരഞ്ഞെടുപ്പ്

സ്വ. ലേ. പാലക്കാട്ട് മെ. 26

മലപ്പുറം എം. എസ്. പി. യിലേയ്ക്കു് 59 കോൺസ്റ്റബിൾമാരെ ആവശ്യമുണ്ടെന്നു് പാലക്കാട്ട് ജില്ലാ എംപ്ലോയ്മെൻറ ഓഫീഡർ അറിയിച്ചിരിക്കുന്നു. 5' 6" ഉയരം, 32" — 34" മാറളവ് എന്നിവയുള്ള 18_നും 25_നും ഇടക്ക് പ്രായമുള്ള ഉദ്യോഗാർത്ഥികൾ മേയ് 29_ാംനു- കാലത്തു് 9 മണിക്ക് എക്സ്ചേഞ്ചിൽ ഹാജരാവേണ്ടതാണ്.

.....o.....

കാമരാജ് പര്യടനം

(പി ടി ഐ) മദിരാശി, മെ 26

കോൺ. പ്രസിഡണ്ട് കാമരാജ് മെയ് 28_ാംതിയതി ഉച്ചകഴിഞ്ഞ് മദിരാശിയിൽനിന്നും ഡൽഹിയിലേക്ക് പുറപ്പെടുന്നതാണ്.

മെയ് 5 മുതൽ 12 വരെ അദ്ദേഹം ഒറീസ്സായിൽ പര്യടനം നടത്തും.

....

എറണാകുളം വാർത്തകൾ

സ്വ. ലേ. മെ. 26

മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചതിനു് കൊച്ചിൻ അസിസ്റ്റൻറ് ലേബർ ആഫീസർ ഫയൽചെയ്തിരുന്ന കേസിലെ പ്രതിയായ ചെറിയകടവ് മാനാശ്ശേരി മൾട്ടി പർപ്പസ് കോഓപ്പറേറ്റീവ് സൊസൈററിയുടെ പ്രസിഡൻറായ ശ്രീ. ററി. എം. സേവ്യറെ കോഴിക്കോട്ട് സ്പെഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേററ് 25 രൂപാ പിഴ ശിക്ഷിച്ചിരിക്കുന്നു.

എസ്സ്. എം. കാലിററി ഷീററുകൾ

മിനറൽസ് ആൻഡ് മെററൽസ് ട്രേഡിംഗ് കോർപ്പറേഷൻ ഇറക്കുമതി ചെയ്യുന്ന. എസ്സ് എം കാലിററി സി. ആർ എച്ച്. ആർ. ജി.പി. ഷീററുകൾ ആവശ്യമുള്ളവർ, രണ്ടുരൂപായുടെ കോർട്ടുഫീസ് സ്റ്റാമ്പുകട്ടിച്ച അപേക്ഷകൾ ഈമാസം 31-ാംതീയതിക്കകം ജില്ലാ വ്യവസായ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ജില്ലാവ്യവസായ ആഫീസിൽനിന്നുംലഭിക്കുന്നതായിരിക്കും.

ഗ്രാമസഹായക് ക്യാമ്പ്

വാഴക്കുളംബ്ലോക്ക് പ്രദേശത്തുള്ള അഞ്ച് പഞ്ചായത്തുകളിൽ ഓരോ ഗ്രാമസഹായക് ക്യാമ്പ് നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. ക്യാമ്പ് നടത്തിപ്പിനായി മൊത്തം 250 രൂപാ ചിലവു ചെയ്യുന്നതിന് അനുമതിനല്കിയിരിക്കുന്നു.

....

മുഖ്യമന്ത്രിക്കെതിരായി യു. പി. സി സി. പ്രസിഡണ്ടിന്റെ പരാതി

(പി ടി ഐ) ലക്നൊ, മേ 25

പക്ഷപാതപരമായവിധം ഭരണം നടത്തുന്നതിന്റെ ഫലമായി കോൺഗ്രസ്സുകാർക്കിടയിൽ എതിർപ്പ് വർദ്ധിച്ചുകൊണ്ടിരിക്കുന്നതിലേക്ക് ഉത്തരപ്രദേശ് മുഖ്യമന്ത്രി ശ്രീമതി സുചേതാകൃപലാനിയുടെ ശ്രദ്ധ തിരിച്ചുകൊണ്ട് യു. പി സി. സി. പ്രസിഡണ്ട് മി കമലാപതി ത്രിപാതി ഒരു കത്തയച്ചിരിക്കുന്ന ഗ്രൂപ്പ് പരിഗണനകളോട് പ്രവർത്തനം തുടരുകയാണെങ്കിൽ ഗവമ്മെണ്ടിന്നോ സംഘടനക്കൊ അധികാരത്തിലിരിക്കുന്നവർക്ക് ഒരു നന്മയും ചെയ്യാനാകില്ലെന്നും കത്തിൽ പറഞ്ഞിട്ടുണ്ട്.

....

മൃതദേഹങ്ങൾ കണ്ടെടുത്തു

(പി. ടി. ഐ.] ലക്നൊ മേ. 26

ഗംഗാ നദിയിൽവെച്ചുണ്ടായ ഒരു ബോട്ടപകടത്തിൽപെട്ട് മുങ്ങിമരിച്ച 22 പേരുടേയും മൃതദേഹങ്ങൾ കണ്ടെടുത്തിരിക്കുന്നു. ബോട്ടിൽ 30 പേരാണുണ്ടായിരുന്നതു്. മററുള്ളവർ രക്ഷപ്പെട്ടു.

....

4 പിഞ്ചുകുഞ്ഞുങ്ങളുടെ ജീവൻ അപഹരിച്ച ഒളരിക്കരയിലെ കാറപകടം

പാവപ്പെട്ട ആ മാതാപിതാക്കൾക്ക് സാമ്പത്തിക സഹായം നല്കാൻ സർക്കാർ വൈകിക്കരുത്

തൃശ്ശൂർ, മെയ് 26

5_5_65_ൽ ഒളരിക്കര സീതാറാം കാർട്ടേഴ്സിന്റെ മുമ്പിൽവെച്ച് എം എസ്. വൈ. 7693 ാം നമ്പർ കാർ ലക്കില്ലാതെ ഓടിച്ചതിന്റെ ഫലമായി 4 കുട്ടികൾ കൊല്ലപ്പെടുകയും 5 പേർ ഇപ്പോഴും മരണവക്ത്രത്തിൽതന്നെ ആസ്പത്രിചികിത്സയിൽ കഴിഞ്ഞുകൂടുകയുമാണ്.

ഈ കൊല്ലപ്പെട്ട കുട്ടികളുടെ മാതാപിതാക്കളുടെ കഥ വേദനാജനകമാണ്. ഒരു പിതാവിന്റെ ഒരു കുട്ടി മരണമടയുകയും ഒരു കുട്ടി ഇപ്പോഴും ആസ്പത്രിയിൽ കഴിയുകയുമാണ്. ജീവിതദുരിതങ്ങളുമായി ഏററുമുട്ടി തളർന്ന പാവപ്പെട്ട മാതാപിതാക്കളുടേതാണ് ഈ പിഞ്ചുകുഞ്ഞുങ്ങൾ എന്നതാണ് വേദനാജനകം. സാമ്പത്തിക സഹായത്തിനുവേണ്ടി കലക്ടർ, താസിൽദാർ എന്നിവർക്ക് അപേക്ഷകൾ ബോധിപ്പിച്ചിട്ടുണ്ട്. പലരുംവന്ന് വിവരങ്ങൾ തിരക്കി തിരിച്ചുപോയിട്ടുമുണ്ട്. പക്ഷേ സാമ്പത്തികസഹായം എന്നു ലഭിക്കുമെന്നോ എന്തെല്ലാം നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ടോ ഒന്നും അവർക്ക് ഒരു എത്തും പിടിയുമില്ല ഇനി ഈ വിഷയത്തിൽ ആരെയെല്ലാം സമീപിക്കണമെന്നോ അവർക്ക് അറിഞ്ഞുകൂടതാനും.

അതിനാൽ അധികൃതർ ഈ കാര്യത്തിൽ താല്പര്യമെടുത്തു് അവർക്കവകാശപ്പെട്ട സഹായങ്ങൾ വൈകിക്കാതെവാങ്ങിച്ചുകൊടുക്കാൻ താല്പര്യമെടുക്കേണ്ടതാണ്.

....0....

ഒന്നരമാസത്തിനുള്ളിൽ 34 തവണ പാകിസ്ഥാൻ വ്യോമാതിർത്തി ലംഘിച്ചു

(പി ടി ഐ) ന്യൂഡൽഹി, മെ. 26

ഏപ്രിൽ ഒന്നിനും മേയ് പതിനെട്ടിനും ഇടയ്ക്കു് പാകിസ്ഥാൻ വ്യോമസേന 34 തവണ ഇന്ത്യൻ വ്യോമാതിർത്തി ലംഘിച്ചതായി ഇന്നിവിടെ ഔദ്യോഗികമായി വിവരം ലഭിച്ചിരിക്കുന്നു.

ഇത്തരം ലംഘനങ്ങൾ ഏതാണ്ട് ദിനംപ്രതിയെന്നോണം നടക്കുന്നുണ്ടെന്നുള്ളതാണ് ഒരു പ്രത്യേകത.

മേയ് 19നു് പാകിസ്ഥാൻ നടത്തിയ ഒരു വ്യോമാതിർത്തിലംഘനത്തിന്നെതിരായി ഇന്ത്യ ഇന്ന് ഒരു പ്രതിഷേധക്കുറിപ്പ നൽകിയിട്ടുണ്ട്. പ്രകോപനപരമായ ഇത്തരം നടപടികളിൽനിന്ന് പാകിസ്ഥാൻ പിന്തിരിയണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടു.

....

ശാസ്ത്രി_മേത്ത സംഭാഷണം

പി ടി ഐ ന്യൂഡൽഹി, മേ. 25

നടപ്പുസാമ്പത്തിക വർഷത്തിൽ എണ്ണ-ഉരുക്ക് ഉല്പാദനം വർദ്ധിപ്പിക്കേണ്ട തിനാവശ്യമായ നടപടികളെപ്പററി പ്ലാനിംഗ്കമ്മീഷൻ ഡെപ്യൂട്ടിചെയർമാൻ മി. അശോക്മേത്ത യുമായി പ്രധാനമന്ത്രിശാസ്ത്രി ചർച്ചകൾ നടത്തിയിരിക്കുന്നു. ധനകാര്യമന്ത്രി ടി. ടി. കൃഷ്ണമാചാരി, പ്രധാനമന്ത്രിയുടെ സിക്രട്ടറി മി. എൽ. കെ. ഝാ എന്നിവരുംചർച്ചകളിൽ പങ്കെടുത്തു.

നാലാംപദ്ധതിക്കാലത്തെ എണ്ണ-ഉരുക്ക് ഉല്പാദനത്തെപ്പററിയും അവർ സംസാരിക്കുകയുണ്ടായി.

—

Printed and Published by Paul Valappila for the A. C. P Institute at the Thozhilali press Trichur

ആഫ്റോ_ഏഷ്യൻ കോൺഫറൻസിലേയ്ക്കു് ഷേക്കിന്നു് ക്ഷണം!

(പി ടി ഐ) കറാച്ചി, മേ 26

ജൂൺ 29_ാംതിയതി ആൾജിയേഴ്സിൽ ആരംഭിക്കുന്ന ആഫ്റോ_ഏഷ്യൻ കോൺഫറൻസിലേക്ക് ഷേക് അബ്ദുള്ളയെ ക്ഷണിച്ചിട്ടുള്ളതായി 'ഡോൺ' റിപ്പോർട്ടുചെയ്യുന്നു. ഈ വർഷം ആദ്യം ഷേക് അൾജീരിയ സന്ദർശിച്ച വേളയിലാണ് അൾജീരിയൻ ഭരണമേധാവിയായ മി. ഇസബെല്ല ഈ ക്ഷണം നടത്തിയതു്. കാശ്മീരികളുടെ പ്രതിനിധിയായിട്ടാണത്രെ അബ്ദുള്ളയെ ക്ഷണിച്ചിട്ടുള്ളതെന്നു പത്രം പറയുന്നു.

വൈവാഹികം

മേരി-വർഗ്ഗീസ്


തൈയക്കാവ്, മെയ് 26

എലവത്തിങ്കൽ മൂട്ടിക്കർ പൈലി ബി. എ. എൽ. ററി. [റിട്ട. ഹെഡ്മാസ്റ്റർ) യുടെ മകളും, എക്സിക്യൂട്ടീവ് എഞ്ചിനീയർ ജോസ് ഡോക്ടർ പൈലി, അഡ്വക്കേററ് ജോർജ്ജ് എന്നിവരുടെ സഹോദരിയുമായ മേരിയും ഐ. എ. എഫിലെ ഒരു ഉയന്ന ഉദ്യോഗസ്ഥനായ മേനാച്ചേരി പോൾ മകൻ വർഗ്ഗീസും തമ്മിലുള്ള വിവാഹം ഇന്നു് തൈയക്കാവു് പള്ളിയിൽവെച്ച് സമംഗളം നടന്നിരിക്കുന്നു.

സന്തോഷപ്രദമായ ആരംഭസുദിനം!

നാളെ (28_5_'65 വെള്ളി) മുതൽ

തൃശ്ശൂർ _ ജോസിൽ [അടുത്തെ പത്തു ദിവസം മാറ്റിയി]



ഇക്ബാലിന്റെ

തങ്കക്കുടം

മലയാളം

സംവിധാനം: S. S. രാജൻ · നിർമ്മാണം: M.H.M. യൂസുഫ് സേട്ട്

കഥ, സംഭാഷണം: മൊയ്തു പടിയത്ത് · കലാലയ റിലീസ്

ഗാനങ്ങൾ—പി. ഭാസ്കരൻ, സംഗീതം—ബാബുരാജ്.

അഭിനേതാക്കൾ:

പ്രേംനസീർ, മുത്തയ്യ, അംബിക, ഷീല, അടൂർഭാസി, ബേബിഷീബ etc.

ഇതര പ്രദർശന കേന്ദ്രങ്ങൾ:

കോഴിക്കോട്—കോറണേഷൻ (അടുത്തെ 10 ദിവസം മാററിനി)
കണ്ണൂർ—N. S. ടാക്കീസ്, തലശ്ശേരി—മുകുന്ദ്,
എറണാകുളം—പത്മ (അടുത്തപടം) ആലപ്പുഴ—ശ്രീകൃഷ്ണ,
കൊല്ലം—കൃഷ്ണാ, തിരുവനന്തപുരം—സെൻട്രൽ (അടുത്തപടം)